# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വെട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി 8/1828/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി 8/1828/2024 തീയ്യതി: 03/12/2024

# തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 50 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2024 | 19-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2024 | 19-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.സജേഷ്.ആർ.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുജേഷ്.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിജോ.ജെ.നായർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ഷാനികുമാർ.എസ്. | സെക്രട്ടറി | 01-04-2023 | 14-07-2023 |
| ശ്രീ.വിനോദ്.ബി. | സെക്രട്ടറി | 14-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽകുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി നിത്യ കുറുപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 18-07-2023 |
| ശ്രീ.വിഷ്ണു.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2023 | 31-03-2024 |
| ഡോ.രശ്മി.റ്റി.എസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.ഷാജഹാൻ റാബുമോൾ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി. | 01-04-2023 | 03-09-2023 |
| ഡോ.ഷാഹിറ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി. | 04-09-2023 | 22-01-2024 |
| ഡോ.ഉദയലാൽ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി. | 22-01-2024 | 31-03-2024 |
| ഡോ.ആനന്ദ്.കെ.ജി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 08-09-2023 |
| ഡോ.അനിത.വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 08-09-2023 | 31-03-2024 |
| ശ്രീമതി അനിത.എ. | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി ഷൈലാബീവി.എ. | മത്സ്യഭവൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.കൃഷ്ണകുമാർ.റ്റി.ജെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ.രതീഷ് കുമാർ.റ്റി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി അൻസീറ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ആശാറാണി.റ്റി | വി.ഇ.ഒ.സർക്കിൾ-1 | 01-04-2023 | 05-09-2023 |
| ശ്രീമതി ദിവ്യ.ഐ. | വി.ഇ.ഒ.സർക്കിൾ-1(ചാർജ്) | 06-09-2023 | 19-09-2023 |
| ശ്രീ.രാഹുൽരാജ്.സി.എം. | വി.ഇ.ഒ.സർക്കിൾ-1 | 20-09-2023 | 31-03-2024 |
| ശ്രീമതി ദിവ്യ.ഐ. | വി.ഇ.ഒ.സർക്കിൾ-2 | 01-04-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ കാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-7 |
| 9 | Stale Cheque ഹെഡിലെ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-8 |
| 10 | വെള്ളക്കര കുടിശ്ശിക വാർഷിക ധനകാര്യപത്രികയില് ബാധ്യതയായി നിലനിർത്തിയിട്ടില്ല | 1-1-9 |
| 11 | "Directly Credited By Bank" ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-10 |
| 12 | ദുരിതാശ്വാസനിധി - ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ബി2 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകങ്ങൾ | 1-1-12 |
| 14 | വാർഷിക ധനകാര്യപത്രികയിലെ മറ്റ് അപാകങ്ങൾ | 1-1-13 |
| 15 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | സാമൂഹ്യസുരക്ഷ പെൻഷൻ മരണശേഷവും വിതരണം നടത്തിയിരിക്കുന്നു. | 1-6-1 |
| 22 | ക്ഷേമപെൻഷനുകൾ | 1-6 |
| 23 | ക്യാഷ് പരിശോധന | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 25 | തൊഴിലുറപ്പു പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല | 1-9-1 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയില്ല | 1-11 |
| 29 | നികുതി - നികുതിയേതര വരുമാനങ്ങളുടെ അവലോകനം | 1-12 |
| 30 | വസ്തു നികുതി പരിഷ്കരണം- നടപടികൾ പൂർത്തിയാക്കേണ്ടതാണ്. | 1-13 |
| 31 | തൊഴിൽ നികുതി- ഡേറ്റാബേസ് സൂക്ഷിച്ചിട്ടില്ല | 1-14 |
| 32 | വാണിജ്യ സ്ഥാപനങ്ങൾ- സഞ്ചയയിലെയും ട്രഡേഴ്സ് ലിസ്റ്റിലെയും | 1-15 |

| | | |
|---|---|---|
| | വിശദാംശങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | |
| 33 | മൂലധനം രേഖപ്പെടുത്തിയിട്ടില്ലാത്തതും കാറ്റഗറി രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി | 1-16 |
| 34 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കിയത് സംബന്ധിച്ച് വ്യക്തതയില്ല | 1-17 |
| 35 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല | 1-18 |
| 36 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല | 1-19 |
| 37 | കുടിശ്ശിക തുക-തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ് | 1-20 |
| 38 | പാഥേയം ജനറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 1,03,680/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 39 | പാഥേയം-(എസ്.സി)- 63,360/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 40 | ജനകീയ ഹോട്ടലിന് അടിസ്ഥാന സൗകര്യം-പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-23 |
| 41 | അംഗണവാടി ഭൂമി വാങ്ങൽ-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-24 |
| 42 | പകൽവീട് വാട്ടർ കണക്ഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 21,134/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 43 | വെതർ സ്റ്റേഷൻ നിർമ്മാണം- തുടർ നപടി സ്വീകരിക്കേണ്ടതാണ്. | 1-26 |
| 44 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം സമയബന്ധിതമായി ഒടുക്ക് വരുത്തിയില്ല | 1-27 |
| 45 | ആധുനിക അറവ് ശാല നിർമ്മാണം- തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-28 |
| 46 | ലൈസൻസില്ലാത്ത മത്സ്യതൊഴിലാളിക്ക് വല നൽകി - 45,000/- രൂപ തടസ്സപ്പെടത്തുന്നു | 1-29 |
| 47 | വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ലാപ്ടോപ്പ് വാങ്ങി നൽകി. ചെലവുതുക – 1,39,015/- തടസ്സപ്പെടുത്തുന്നു | 1-30 |
| 48 | ആർദ്രം പദ്ധതി - കുടുംബാരോഗ്യകേന്ദ്രത്തിൽ സബ്സിഡി മാർഗരേഖയിൽ നിന്നും വിരുദ്ധമായി അധിക തസ്തികയിൽ നിയമനം നടത്തി ശമ്പളം നൽകി. | 1-31 |
| 49 | പാലിയേറ്റീവ് കെയർ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല - 5951/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 50 | വെട്ടൂർ എഫ്.എച്ച്.സിയിലെ കണ്ടിജന്റ് ചെലവുകൾ - ചെലവു രേഖകളുടെ അഭാവത്തിൽ 36,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 51 | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം - ചെലവ് തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-34 |
| 52 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകി | 1-35 |
| 53 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-36 |
| 54 | പഞ്ചായത്തിലെ മാലിന്യ സംസ്ക്കരണം/ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ - സംബന്ധിച്ച അവലോകനം | 1-37 |
| 55 | മരാമത്ത് പ്രവൃത്തികൾ- മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല. | 1-38 |
| 56 | ഫിഷർമെൻ കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - നിഷ്ക്രിയ ആസ്തിയായി തുടരുന്നു | 1-39 |
| 57 | ഉദ്ഘാടനം ചെയ്ത് 5 വർഷം കഴിഞ്ഞിട്ടും പകൽവീട് പ്രവർത്തനക്ഷമമാക്കിയില്ല | 1-40 |

| | | |
|---|---|---|
| 58 | ദുരിതാശ്വാസനിധി- വരവുചെലവുകളില്ല | 1-41 |
| 59 | ജനറൽ കമ്മിറ്റി തീരുമാനങ്ങൾ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-42 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.05.2024 തീയതിയിലെ 2/1 -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 27.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐൽജിഎംഎസ് സോഫ്റ്റ്വെയർ ക്രമീകരിക്കുന്ന മുറയ്ക്ക് അപാകം ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 20/12.11.2024) മറുപടി ലഭ്യമാക്കി. ഐ.കെ.എം-മായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐൽജിഎംഎസ് സോഫ്റ്റ്വെയർ ക്രമീകരിക്കുന്ന മുറയ്ക്ക് അപാകം

ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 20/12.11.2024) മറുപടി ലഭ്യമാക്കി. ഐ.കെ.എം-മായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ കാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" പ്രകാരമുള്ള 5262304/- തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള 17098826/- തുകയും പൊരുത്തപ്പെടുന്നില്ല. ഐൽജിഎംഎസ് സോഫ്റ്റ്‌വെയർ ക്രമീകരിക്കുന്ന മുറയ്ക്ക് അപാകം ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 20/12.11.2024) മറുപടി ലഭ്യമാക്കി. ഐ.കെ.എം-മായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42301495/31.03.24 |
| 110100102 | Property Tax On Non Residential | 42301492/31.03.24 |
| 110200105 | Profession Tax - Traders | 42301087/31.03.24 |

വരും വർഷങ്ങളിൽ യഥാസമയം തന്നെ അക്രൂവലുകൾ രേഖപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 20 ന് മറുപടി ലഭ്യമാക്കി. തുടർ വർഷങ്ങളിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-5 സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഐൽജിഎംഎസ് സോഫ്റ്റ്‌വെയർ ക്രമീകരിക്കുന്ന മുറയ്ക്ക് അപാകം ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 20/12.11.2024) മറുപടി ലഭ്യമാക്കി. ഐ.കെ.എം-മായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

### 1-1-6 വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാകാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 20/12.11.2024 ന് മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ പ്രസ്തുത പ്രൊവിഷനുകൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-7 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

RP-4 ഷെഡ്യൂളിൽ 140400199 - Other Fees ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ചില വരവുകൾ തെറ്റായി പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ,

| ക്രമ നം. | രസീത് നം./തീയതി | തുക | ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് ഹെഡ്/ഇനം |
|---|---|---|---|
| 1 | 1230600363/11.08.23 | 5571 | Permit Fee (140120199) |

പെർമിറ്റ് ഫീ ആയി 11,142/- രൂപ (ഫയൽ നം. 2023/2961) ഒടുക്കേണ്ടതിന് 5571/- രൂപയുടെ ഡിമാന്റ് അപ്രൂവൽ ആകുകയും (രസീത് നം. 1230600357) ബാക്കി തുകയായ 5571/- രൂപയുടെ ഡിമാന്റിന് വീണ്ടും അംഗീകാരം നൽകാൻ കഴിയാത്തതിനാലുമാണ് പ്രസ്തുത തുക Other Fee ശീർഷകത്തിൽ ഉൾപ്പെടുത്തിയതെന്ന് ഓഡിറ്റ് അന്വേഷണം നം. 20/12.11.2024 ന് മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-8 Stale Cheque ഹെഡിലെ തുകകൾ ക്രമീകരിച്ചിട്ടില്ല

ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശം ചുവടെ,

| അക്കൗണ്ട് | ക്രമ നം. | ചെക്ക് നം. തീയതി | തുക |
|---|---|---|---|
| Kerala Grameen Bank (40700101004942) | 1 | 36593/07.10.23 | 4060 |
| | 2 | 36891/21.10.23 | 5946 |
| | 3 | 36893/21.10.23 | 825 |
| | 4 | 35523/08.08.23 | 1364 |

പ്രസ്തുത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 22ന് മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-9 വെള്ളക്കര കുടിശ്ശിക വാർഷിക ധനകാര്യപത്രികയില് ബാധ്യതയായി നിലനിർത്തിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ആകെ 2900 രൂപ കുടിശ്ശിക വെള്ളക്കരം ഇനത്തിൽ 31.03.2024 നകം അടവാക്കേണ്ടതായുണ്ട്. ടി തുക ബാധ്യതയായി നിലനിർത്തിയിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണം നം. 20 ന് മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ അടവാക്കാനുള്ള തുകകൾ വാർഷിക ധനകാര്യപത്രികയിൽ ബാധ്യതായായി നിലനിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-10 "Directly Credited By Bank" ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

31.03.2024 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ താത്പര്യപ്പെടുന്നു. വിശദാംശം ചുവടെ,

| | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| Kerala Grameen Bank | 40700101638480 | 36834 |
| Kerala Grameen Bank-Vaaathilppadi Sevanam | 40700101067163 | 409 |

പ്രസ്തുത തുകകൾ ക്രമീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം. 22 ന് മറുപടി ലഭ്യമാക്കി. ആയതിനെ സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-11 ദുരിതാശ്വാസനിധി - ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് ബി2 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 15,000/-രൂപയാണ്. B-17, RP-40(b) ഷെഡ്യൂളുകൾ എന്നിവ പ്രകാരം ദുരിതാശ്വാസനിധിക്കായി നിലവിലുള്ള Vettoor Service Co-op Bank- Distress Relief (5256) ന്റെ നീക്കിയിരിപ്പ് 5000/- രൂപയുമാണ്. വ്യത്യാസമുള്ള 10000 രൂപ കോവിഡുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി കിച്ചണുകളുടെ നടത്തിപ്പിലേക്കായി വാങ്ങിയിട്ടുള്ള സംഭാവനകൾ 311100101 Panchayat's Distress Relief Fund എന്ന ഹെഡിൽ ബാക്കി നിൽക്കുന്ന തുകയാണെന്നും പ്രസ്തുത തുക തനത് ഫണ്ടിലാണ് സൂക്ഷിച്ചുവരുന്നതെന്നും മറുപടി ലഭ്യമാക്കി(ഓഡിറ്റ് എൻക്വയറി നം.20). ടി തുക നിലവിൽ ദുരിതാശ്വാസനിധിക്കായി നിലവിലുള്ള Vettoor Service Co-op Bank- Distress Relief (5256) എന്ന ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി അപാകം പരിഹരിക്കാവുന്നതാണ്.

## 1-1-12 ഡിപ്രീസിയേഷൻ കണക്കാക്കിയതിൽ അപാകങ്ങൾ

1. ആസ്തിയിലധികരിച്ച് ഡിപ്രീസിയേഷൻ നൽകിയിരിക്കുന്നു-

ബാലൻസ് ഷീറ്റ് B-11 ലെ Other Fixed Assets (410800101) ൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുക

2,88,888 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ പ്രസ്തുത ഹെഡിന്റെ (ഹെഡ് കോഡ് 416100110 - Accumulated Depreciation - Other Fixed Assets) നാളിതുവരെയുള്ള ഡിപ്രീസിയേഷൻ തുക (3,31,627) രൂപയാണ്(ഓഡിറ്റ് അന്വേഷണം നം. 49). ഇപ്രകാരം ആസ്തിയിലധികരിച്ച് ഡിപ്രീസിയേഷൻ നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. എല്ലാ ഇനങ്ങൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല-

താഴെപ്പറയുന്ന ഇനങ്ങൾക്ക് 2023-24 വർഷം ഇൻകം & എക്സ്പെൻഡിച്ചറിൽ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. 2022-23 വർഷം വരെയുള്ള ACCUMULATED DEPRECIATION ആണ് 2023-24 വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളത്.

| ഹെഡ് കോഡ് | ഇനം |
|---|---|
| 416100102 | Accumulated Depreciation – Roads And Bridges |
| 416100103 | Accumulated Depreciation – Sewerage And Drainage |
| 416100104 | Accumulated Depreciation - Waterways |
| 416100105 | Accumulated Depreciation - Public Lighting |
| 416100106 | Accumulated Depreciation – Plant And Machinery |
| 416100110 | Accumulated Depreciation – Other Fixed Assets |

പ്രസ്തുത ഓഡിറ്റ് അന്വേഷണത്തിന് (നം. 49) മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-13 വാർഷിക ധനകാര്യപത്രികയിലെ മറ്റ് അപാകങ്ങൾ

1. ബാധ്യത ഹെഡിലെ തുകകൾ അതാത് ഫണ്ടുകളിലേയ്ക്ക് അടവാക്കുന്നില്ല.-

2022-23 വർഷത്തെ ബി 9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിരുന്ന ചുവടെ ചേർക്കുന്ന തുകകൾ 2023-24 ലും ബന്ധപ്പെട്ട ഹെഡ്ഡുകളിലേയ്ക്ക് തിരികെ ഒടുക്കിയതായി കാണുന്നില്ല(ഓഡിറ്റ് അന്വേഷണം നം. 20).

| ക്രമ നം. | കോഡ് | ഇനം | 2023-24 ധനകാര്യപത്രിക പ്രകാരമുള്ള തുക | മറുപടി | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|---|
| 1 | 350200119 | Recoveries Payable-Covid | 90400/- | പ്രസ്തുത തുക ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും ഡിഫെർ ചെയ്ത തുകയാണ്. പ്രസ്തുത തുക ചെലവഴിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം ലഭ്യമായിട്ടില്ല. | സർക്കാർ മാർഗ്ഗനിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 2 | 350400501 | Refunds Payable – Grants And Funds | 40000/- | പ്രസ്തുത തുക ലൈഫ് ഗുണഭോക്താവിന് അധികമായി അനുവദിക്കപ്പെട്ട തുകയാണ്. നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. | അധികമായി അനുവദിക്കപ്പെട്ട തുക തിരികെ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 3 | 350300103 | Government And Other Dues Payable - Value Added Tax | 7853/- | വാറ്റ് നികുതി ഇപ്പോൾ നിലവിലില്ലാത്തതിനാൽ തുക ഒടുക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് അനുമതി ലഭിക്കുന്ന | തുക ഒടുക്കുവാൻ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക ഒടുക്കി ബാധ്യതാ ശീർഷകത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | മുറയ്ക്ക് തുക ഒടുക്കുന്നതാണ്. | |

2. 2022-23 B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2023-24 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100202 | Suppliers' Security Deposit | 23947/- |
| 340100303 | Election Deposit | 72500/- |
| 340200103 | Water Connection Deposit | 48078/- |

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. മേൽപ്പറഞ്ഞ ഷെഡ്യൂളുകളിലെ തുകകൾ മുതൽക്കൂട്ടാവുന്നതാണോ എന്ന് വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം. 20 ന് 340100303 ശീർഷകത്തിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണെന്നും മറ്റ് രണ്ട് ശീർഷകങ്ങളിലെ തുകകൾ കാലഹരണപ്പെടുന്ന കാലയളവ് പരിശോധിച്ച ശേഷം തനത് ഫണ്ടിലേക്ക് കൂട്ടാവുന്ന തുക ഓഡിറ്റിനെ അറിയിക്കാവുന്നതാണെന്നും മറുപടി ലഭ്യമാക്കി. തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്ന തുകകൾ മുതൽക്കൂട്ടി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-1 ബജറ്റ് - അപാകങ്ങൾ

1) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. പെർഫോമൻസ് ബജറ്റ് (Annexure 10)

2. ജെൻഡർ ബജറ്റ് (Annexure 11)

ബജറ്റ് രൂപീകരിച്ച് അംഗീകരിക്കുന്ന ഘട്ടം വരെയും അടുത്ത വാർഷിക പദ്ധതി രൂപീകരിച്ച് അംഗീകാരം ലഭ്യമായിട്ടില്ലാതിരുന്നതിനാൽ ജൻഡർ ബജറ്റ്, പെർഫോർമൻസ് ബജറ്റ് എന്നിവ പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല എന്ന് ഓഡിറ്റ് അന്വേഷണം നം. 27/13.11.24 ന് മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ മേൽപ്പറഞ്ഞവ തയ്യാറാക്കി ബജറ്റ് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

2) 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. പഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 10ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും ഇപ്രകാരം പ്രതിമാസ അവലോകനം നടത്താത്തുന്നില്ല. ഐൽജിഎംഎസിൽ ബജറ്ററി കണ്ട്രോൾ സംവിധാനം ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത അപാകം പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 27/13.11.24 ന് മറുപടി ലഭ്യമാക്കി. അപാകം പരിഹരിക്കുന്നതിനായി ഐകെഎം നെ സമീപിക്കാവുന്നതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| **അംഗീകരിച്ച തീയതി** | 21.03.2023 | 12.02.2024 |
| **ഭരണസമിതി തീരുമാനം** | 1/1 | 2/1 |
| **മുന്നിരിപ്പ്** | 15,00,623 | 2,40,998 |

| | | |
|---|---|---|
| പ്രതീക്ഷിത വരവ് | 30,78,82,108 | 34,39,98,446 |
| ആകെ | 30,93,82,731 | 34,42,39,444 |
| പ്രതീക്ഷിത ചെലവ് | 30,67,51,110 | 34,27,47,346 |
| നീക്കിയിരിപ്പ് | 26,31,621 | 14,92,098 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15474817 |
| വരവ് | 46791243 |
| ആകെ | 62266060 |
| ചെലവ് | 41528939 |
| നീക്കിയിരിപ്പ് | 20737121 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പല മേഖലകളിലും പകുതിയിൽ താഴെ ചെലവ് മാത്രമാണ് വന്നിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം, ചെലവ് വിവരം കുറഞ്ഞതിന്റെ മറുപടി(എൻക്വയറി നം. 26/13.11.24) എന്നിവ ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % | മറുപടി |
|---|---|---|---|---|---|
| പൊതുവിഭാഗം | സേവനം | 65827641* | 29156968 | 44.29 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തികരിച്ച വിവരം യഥാസമയം അറിയിക്കാതിരുന്നതിനാൽ തുക ചെലവഴിക്കാനായില്ല. |
| | പശ്ചാത്തലം | 11037512 | 3865896 | 35.02 | LID&EW, AE, സെക്രട്ടറി എന്നിവർ നിർവഹണം നടത്തിയ ചില പദ്ധതികളിൽ സാമ്പത്തിക വർഷം അവസാനമായതിനാൽ ടെണ്ടർ സേവിംഗ്സ് തുക മാറ്റി മറ്റു പദ്ധതികൾക്ക് വിനിയോഗിക്കാൻ സാധിക്കാത്തതിനാലും അസി. എൻജിനീയർ നിർവഹണം നടത്തിയ ചില പദ്ധതികളുടെ റീടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാലും പ്രതീക്ഷിത തുക ചെലവഴിക്കാനായില്ല. |
| പട്ടികജാതി വിഭാഗം | സേവനം | 24294104* | 8604067 | 35.42 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തികരിച്ച വിവരം യഥാസമയം |

| | | | | | |
|---|---|---|---|---|---|
| | | | | | അറിയിക്കാതിരുന്നതിനാൽ തുക ചെലവഴിക്കാനായില്ല. |

* G.O. Project തുക കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

വരും വർഷങ്ങളിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2023-24 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100156 | Rajiv Gandhi Panchayat Sashakthikaran Abhiyan | 540000 |
| 320100190 | Vimukthi Grant | 12500 |
| 320100198 | Grant From Suchitwa Mission | 325854 |
| 320300199 | Grants,Funds & Contributions For Specific Purposes – Other Govt. Agencies | 1076000 |
| 320700204 | Contributions For Joint Venture Projects(for Revenue Expenditure)- From Block Panchayaths | 1098470 |
| 320700205 | Contributions For Joint Venture Projects(for Revenue Expenditure)- From District Panchayaths | 46138 |

പ്രസ്തുത തുകകൾ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. മേൽപ്പറഞ്ഞ ഇനങ്ങളിലെ തുകകൾ ചെലവഴിക്കുന്നതിനുള്ള പദ്ധതികളുടെ നിർവഹണം പൂർത്തിയായിട്ടില്ലെന്നും പൂർത്തിയാകുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 26/13.11.24 ന് മറുപടി ലഭ്യമാക്കി. പ്രസ്തുത തുകകൾ ചെലവഴിക്കുന്നതിനുള്ള തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.86/2022/lsgd Dated 19.4.2022 ഖണ്ഡിക 3.4.1.3(ii) പ്രകാരം (15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധനയുടെ അടിസ്ഥാനത്തിൽ)പട്ടികജാതി ഉപപദ്ധതി വിഹിതത്തിലേയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലേയും വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ മേല്പറഞ്ഞ ക്യാരി ഓവർ ആയി സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവ് തുക (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് തുക | ചെലവ് ശതമാനം (%) | അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 31,28,650 | 10,91,231 | 20,37,419 | 34.88 | 6,25,730 | 14,11,689 |

LID&EW, AE, സെക്രട്ടറി എന്നിവർ നിർവഹണം നടത്തിയ ചില പദ്ധതികളിൽ സാമ്പത്തിക വർഷം അവസാനമായതിനാൽ ടെണ്ടർ സേവിംഗ്സ് തുക മാറ്റി മറ്റു പദ്ധതികൾക്ക് വിനിയോഗിക്കാൻ സാധിക്കാത്തതിനാലും ചില പദ്ധതികളിൽ റീടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാലുമാണ് മെയിന്റനൻസ് ഫണ്ടിൽ 2023-24 സാമ്പത്തിക വർഷം ചെലവ് കുറവ് വന്നിട്ടുള്ളത് എന്ന് ഓഡിറ്റ് അന്വേഷണം നം.26/13.11.24 ന് മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവ ലാപ്സാവാതിരിക്കാൻ പദ്ധതി നിർവഹണത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18922714 | 18922714 | 19960552 | (-1037838) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5994539 | 5994539 | 4436956 | 1557583 |
| വികസനഫണ്ട് (CFC Tied) | 0 | 2661500 | 2661500 | 1273174 | 1388326 |
| വികസനഫണ്ട് (CFC Untied) | 0 | 3549000 | 3549000 | 3634011 | (85011) |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 2725400 | 2725400 | 2722219 | 3181 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 3128650 | 3128650 | 1091231 | 2037419 |
| CSS | 0 | 0 | 0 | 1126942 | (-1126942) |
| SSS | 0 | 0 | 0 | 5820000 | (-5820000) |

## 1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രോജക്ടുകളുടെ എണ്ണം, അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം /വായ്പ / മറ്റ് ഫണ്ടുകൾ എന്നിവ ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം /വായ്പ / മറ്റ് ഫണ്ടുകൾ എന്നിവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 10 | 0 | 2174325 | 2024958 | 93.13 |
| 2 | വെറ്ററിനറി സർജൻ | 10 | 8 | 2 | 1960000 | 1591232 | 81.19 |
| 3 | മെഡിക്കൽ ഓഫീസർ (FHC) | 16 | 12 | 4 | 7203972 | 4562480 | 63.33 |
| 4 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 3 | 2 | 1 | 1400000 | 1200000 | 85.71 |
| 5 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 0 | 993500 | 955387 | 96.16 |
| 6 | വി.ഇ.ഒ. സർക്കിള്-1 | 21 | 16 | 5 | 47701569 | 16619966 | 34.84 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16 | 16 | 0 | 3983071 | 3027785 | 76.02 |
| 8 | സെക്രട്ടറി | 49 | 36 | 13 | 13419217 | 7967385 | 59.37 |
| 9 | ഹെഡ്മാസ്റ്റർ,GLPS | 4 | 4 | 0 | 950350 | 914053 | 96.18 |
| 10 | വി.ഇ.ഒ. സർക്കിൾ-2 | 5 | 4 | 1 | 5770000 | 1727350 | 29.94 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 32 | 13 | 19 | 19525993 | 4208636 | 21.55 |
| 12 | ഡയറി ഫാം ഇൻസ്ടക്ടർ | 2 | 2 | 0 | 600000 | 500000 | 83.33 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 7 | 6 | 1513085 | 902889 | 59.67 |

അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 32 പ്രോജക്ടുകളിൽ 13 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. ചെലവു ശതമാനം 21.55 മാത്രമാണ്.

വി.ഇ.ഒ സർക്കിൾ -1 അംഗീകാരം വാങ്ങിയ 21 പ്രോജക്ടുകളിൽ 16 എണ്ണം നടപ്പിലാക്കിയെങ്കിലും ചെലവു ശതമാനം 34.84 മാത്രമാണ്.

വി.ഇ.ഒ സർക്കിൾ -2 അംഗീകാരം വാങ്ങിയ 5 പ്രോജക്ടുകളിൽ 4 എണ്ണം നടപ്പിലാക്കിയെങ്കിലും ചെലവു ശതമാനം 29.94 മാത്രമാണ്.

**ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 26613876 | 19960552 | 75 |
| വികസനഫണ്ട് (എസ്.സി.പി.) | 7133461 | 4436956 | 62.2 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 20269017 | 4907185 | 24.21 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1995724 | 1126942 | 56.47 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 17382276 | 5820000 | 33.48 |
| തനത് ഫണ്ട് | 371500 | 180515 | 48.59 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 11541182 | 5012375 | 43.43 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 11805055 | 192375 | 1.63 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 4838000 | 1091231 | 22.55 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 4088000 | 2722219 | 66.59 |
| മറ്റുള്ളവ | 36837715 | 10305672 | 27.98 |

**ആസൂത്രണസമിതി**

1) പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.1(1) പ്രകാരം, തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ആസൂത്രണ സമിതി അതേ പടി നിലനിർത്താൻ പഞ്ചായത്ത് കമ്മിറ്റിയുടെ 24.11.23 ലെ തീരുമാനം 2(1) പ്രകാരം തീരുമാനിച്ചു.

2) ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് . എന്നാൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

3) ആസൂത്രണസമിതി യോഗ മിനിട്സ് പരിശോധിച്ചതിൽ 2023-24 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ മൂന്ന് പ്രാവശ്യം (01.12.22, 23.12.22, 10.01.23) കൂടിയിട്ടുണ്ട്. എന്നാൽ 23.12.22, 10.01.23 എന്നീ യോഗങ്ങളിലെ യോഗ തീരുമാനങ്ങൾ എഴുതി പൂർത്തീകരിച്ചിട്ടില്ല .

**വർക്കിംഗ് ഗ്രൂപ്പ്**

1) പദ്ധതി മാർഗരേഖ ഖണ്ഡിക 3.1.2(എ) പ്രകാരം ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് അതേ പടി നിലനിർത്താൻ പഞ്ചായത്ത് കമ്മിറ്റിയുടെ 24.11.23 ലെ തീരുമാനം 2(1) പ്രകാരം തീരുമാനിച്ചു.

2) സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ അപ്രകാരം മോണിറ്ററിംഗ് ചെയ്തിട്ടില്ല.

**മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

മാർഗ്ഗരേഖ 3.5.6.3 (എ) (1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. 2023-24 ൽ അപ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

**Corporate Social Responsibility Fund**

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കി വെട്ടൂർ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. (അവലംബം : ഓഡിറ്റ് എൻക്വയറി നമ്പർ 47/19.11.2023).

## 1-6-1 സാമൂഹ്യസുരക്ഷ പെൻഷൻ മരണശേഷവും വിതരണം നടത്തിയിരിക്കുന്നു.

സേവന വെബ് പോർട്ടൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചാത്തിൽ നിന്നും വിവിധ പെൻഷനുകൾ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കൾക്ക് മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണം നടത്തിയതായും, മരണപ്പെട്ടതിനുശേഷവും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലെന്നും കാണുന്നു.

| പേര് | പെൻഷൻ ഐഡഡന്റിഫിക്കേഷൻ നമ്പർ | ആധാർ നമ്പർ | മരണപ്പെട്ട തീയതി | അവസാനമായി പെൻഷൻ വിതരണം നടത്തിയ മാസം,പെൻഷൻ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|
| ദേവദാസൻ | 102310201880 | 234261453635 | 02.12.2023 | 2024 മെയ്, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| ചന്ദ്രബാബു | 102310201711 | 749527377889 | 08.12.2023 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| ചന്ദ്രശേഖരൻ | 102310201556 | 245017678712 | 10.12.2023 | 2024. മെയ്, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| നസിമുദീൻ | 102310200666 | 931999843683 | 06.11.2021 | ഫെബ്രുവരി 2023 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ---- |
| ഷാഫി | 102310201798 | 948476939853 | 29.11.2023 | 2024 മെയ്, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| മുഹമ്മദ് ഇസ്മായിൽ | 102310201192 | 990888530753 | 10.10.2023 | 2024 മെയ്, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| റഫൂക്ക | 102310600957 | 325699641704 | 14.09.2023 | 2024 മെയ്, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| താഹ | 101720202665 | 772682522115 | 13.09.2023 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം

53/19.11.2024 ന് മരണപ്പെട്ടവരുടെ പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്ത്, നൽകിയ പെൻഷൻ തിരികെ ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 373800 | 26 |
| വിധവ പെൻഷൻ | 10901700 | 1032 |
| വാർദ്ധക്യ കാല പെൻഷൻ | 19841600 | 1911 |
| വികലാംഗ പെൻഷൻ | 3523000 | 311 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 163600 | 17 |

## 1-7 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2024 തീയതിയിൽ 10.55 A.m. സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1823/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വെട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഭേദപ്പെട്ട നിലയിലാണ്. എന്നിരുന്നാലും കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഓഫീസ് ഉത്തരവു മുഖേന ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2) സെക്രട്ടറി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും, ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

3) ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

4) സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

5) ജീവനക്കാരുടെ എല്ലാവരുടെയും ശമ്പള നിർണ്ണയത്തിന് അംഗീകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

6) പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയതിന്റെ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്.

7) എസ്.എൽ.ഐ., ജി.ഐ.എസ്. എന്നിവ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ സബ്സ്ക്രിപ്ഷൻ ഈടാക്കുന്നുണ്ട്.

8) തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ട്.

9) ഇലക്ട്രോണിക്സ് സ്റ്റോക്ക് രജിസ്റ്റർ, ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.

10) പെൻഷൻ അപേക്ഷകൾ ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ

തീർപ്പ് കൽപ്പിക്കുന്നുണ്ട്.

11) മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്ന നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. മരണപ്പെട്ടവരുടെ അക്കൗണ്ടുകളിലേയ്ക്ക് തുടർന്നും പെൻഷൻ അനുവദിച്ചിട്ടുണ്ട്.

12) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

13) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവു ശതമാനം അമ്പത് ശതമാനത്തിൽ താഴെയാണ്. ചെലവു ശതമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

14) പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(അവലംബം: ഓഡിറ്റ് എൻക്വയറി നം. 42/ 16.11.2024)

## 1-9-1 തൊഴിലുറപ്പു പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

2023-24 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിച്ച് 939 പ്രവൃത്തികൾ ഉൾപ്പെടുത്തി 149837 മനുഷ്യദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ 77673 മനുഷ്യദിനങ്ങൾ മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് അന്വേഷണം നം. 45/18.11.2024 ന്റെ മറുപടി).

| പ്രവൃത്തി ഇനം | ലക്ഷ്യമിട്ട എണ്ണം | ആകെ മനുഷ്യദിനങ്ങൾ | നടപ്പിലാക്കിയ പ്രവൃത്തികൾ | നടപ്പിലാക്കിയതിന്റെ ശതമാനം | ഉപയോഗിച്ച മനുഷ്യദിനങ്ങൾ |
|---|---|---|---|---|---|
| Water Conservation | 74 | 64375 | 54 | 72.97% | 62568 |
| Land Development | 30 | 15765 | 08 | 26.6% | 10035 |
| Work On Individual Land Forms | 788 | 49422 | 121 | 15.35% | 3408 |
| Drought Proofing | 16 | 12085 | 04 | 25% | 994 |
| Water Harvesting | 31 | 8190 | 04 | 12.9% | 668 |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 488493 | 483395 | 971888 | 963178 | 8710 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26406620 | 26406620 | 26406620 | 0 |
| **ആകെ** | **488493** | **26890015** | **27378508** | **27369798** | **8710** |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.01.2023 | 01.08.2021 മുതൽ 31.3.20222 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2020 | 2014-15 മുതൽ 2018-19 വരെ | 16.03.2020 |
| സപ്ലിമെന്ററി ഓഡിറ്റ് -എ.ജി. | 25.01.2024 | 2022-23 | 27.02.2024 |

## 1-11 ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിലെ ടെണ്ടർ ഫോറ വില (ടെണ്ടർ ഫീസ്) അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള വർക്കല SBI ബ്രാഞ്ചിലെ 40347782814 അക്കൗണ്ടിലാണ് നിലവിൽ ഒടുക്കു വരുത്തുന്നത്. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില (ടെണ്ടർ ഫീസ്) പ്രകാരം ആകെ 14,400/- രൂപ ലഭ്യമായിട്ടുണ്ടെന്നും തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലായെന്നും 2023-24 സാമ്പത്തിക വർഷത്തിന് മുമ്പ് പ്രസ്തുത ഇനത്തിൽ ലഭ്യമായ തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ

അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും, KYC അപ്ഡേറ്റ് ചെയ്ത ശേഷം തുക കൈമാറുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 4/11.11.2024) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

2023-24 വർഷം ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ 14,400/- രൂപ അടിയന്തിരമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 നികുതി - നികുതിയേതര വരുമാനങ്ങളുടെ അവലോകനം

എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി, പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണെന്ന് 01.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022 /തസ്വഭവ യിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത നടപടിക്രമങ്ങൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/11-11-2024) നികുതി പിരിവിന്റെയും നികുതിയേതര വരവുകളുടെയും അവലോകനം, മൂന്ന് മാസത്തിലൊരിക്കൽ നടത്തുന്ന ഗ്രാമസഭയിൽ അജണ്ടയായി ഉൾപ്പെടുത്തി ഗ്രാമസഭാ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. 01.06.2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിഷ്കരണം- നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 10 ൽ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കുന്നതിലേക്കുള്ള നടപടികൾ 30-06-2023 ന് മുൻപായി പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെ നൂറോളം കെട്ടിടങ്ങളുടെ വിവരശേഖരണം മാത്രമാണ് നാളിതുവരെ നടത്തിയതെന്നും ആയത് താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി നമ്പർ 2/18-11-2024). സോഫ്റ്റ് വെയറിൽ Updation നടത്തി നികുതി പരിഷ്കരണം സംബന്ധമായ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി- ഡേറ്റാബേസ് സൂക്ഷിച്ചിട്ടില്ല

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/11-11-2024) 2024-25 സാമ്പത്തിക വർഷം മുതൽ പ്രസ്തുത ഡേറ്റാബേസ് സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി. അപ്രകാരം ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-15 വാണിജ്യ സ്ഥാപനങ്ങൾ- സഞ്ചയയിലെയും ട്രേഡേഴ്സ് ലിസ്റ്റിലെയും വിശദാംശങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2023-24 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച് നൽകിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 811 |

| | | |
|---|---|---|
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 38 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 2 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 17 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 3 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 4 |
| | **ആകെ** | **875** |

213 പേർക്കാണ് 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലൊഴികെ മറ്റ് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/11-11-2024) വാണിജ്യ കെട്ടിടങ്ങളിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമായി അടച്ചിട്ടിരിക്കുകയാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ലൈസൻസ് ഫീസ് വർദ്ധിച്ചതിനാൽ ചെറിയ കടകൾ ലൈസൻസ് എടുക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ടെന്നും ഹരിത കർമ്മ സേന മുഖേനയും ആരോഗ്യ വകുപ്പ് വിഭാഗത്തിലെ ഉദ്യോഗസ്ഥരെ ചുമലപ്പെടുത്തിയും ഫീൽഡ് പരിശോധന നടത്തിയും ലൈസൻസ് എടുക്കാത്ത കടകൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## <u>1-16 മൂലധനം രേഖപ്പെടുത്തിയിട്ടില്ലാത്തതും കാറ്റഗറി രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി</u>

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 സ.ഉ.(പി)നം.80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തികവർഷം ലൈസൻസ് എടുത്ത ഭൂരിഭാഗം സ്ഥാപനങ്ങളുടെയും അപേക്ഷകളിലോ ലൈസൻസ് രജിസ്റ്ററിലോ മൂലധനനിക്ഷേപം എത്രയാണെന്നോ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം ഏതാണെന്നോ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ പേര് | വാർഡ് നമ്പർ, കെട്ടിട നമ്പർ | ഫയൽ നമ്പർ, തീയതി നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| ശ്രീ.ആർ.അനിൽകുമാർ | III/103 | A4/4035/2023 | രേഖപ്പെടുത്തിയില്ല |
| ശ്രീ.എ.താജുദ്ദീൻ | 11/ 93-11 | A4/721/2024 | ഹോളോ ബ്രിക്സ് നിർമ്മാണം |

മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (12/11-11-2024) മേൽ വിശദീകരിച്ചിട്ടുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും വരും വർഷങ്ങളിൽ ടി അപാകത പരിഹരിച്ച് അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. അപേക്ഷകളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന് അനുസൃതമായി ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-17 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കിയത് സംബന്ധിച്ച് വ്യക്തതയില്ല

2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പത്ത് മൃഗങ്ങളിൽ അധികം ഉള്ള കന്നുകാലി ഫാമിനും അൻപത് മൃഗങ്ങളിൽ അധികം ഉള്ള ആടു ഫാമിനും സെക്രട്ടറിയുടെ മുൻകൂർ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്തിന്റെ അവസ്ഥാ രേഖ പ്രകാരം ഗ്രാമപഞ്ചായത്തിൽ 3 ഡയറി ഫാമുകളും 4 ആട് ഫാമുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് ചട്ടം അനുശാസിക്കും പ്രകാരം ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/12-11-2024) പഞ്ചായത്ത് പരിധിയിൽ ഡയറി ഫാമോ ആട് ഫാമോ പ്രവർത്തിക്കുന്നില്ലെന്ന് മറുപടി നൽകി. എന്നാൽ പ്രസ്തുത ഫാമുകളുടെ വിശദാംശം 2024-25 അവസ്ഥാ രേഖയിലും ഉൾപ്പെട്ടിട്ടുണ്ട്. ഫീൽഡ് തല പരിശോധന നടത്തി മേൽ പരാമർശിക്കും പ്രകാരം ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെങ്കൽ ലൈസൻസ് എടുപ്പിക്കാനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 പോസ്റ്റ് ഒക്കൂപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, GI, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. കെട്ടിടനിർമ്മാണം പൂർത്തികരിച്ച് നമ്പർ നേടിയശേഷം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഉപയോഗക്രമത്തിലും, വിസ്തീർണത്തിലും വരുത്തുന്ന മാറ്റങ്ങൾ തടയുന്നതിനായി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(02/11-11-2024) നിലവിൽ പോസ്റ്റ് ഒക്കുപ്പെൻസി ഓഡിറ്റ് നടത്തിയിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി. പോസ്റ്റ് ഒക്കുപ്പെൻസി ഓഡിറ്റ് നടത്താനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019 ലെ (സി.എ,സ്) എ9-764/2019-ാം നം. കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/11-12-2024) നോട്ടീസ് നൽകിയെങ്കിലും റേഷൻ കട ഉടമകൾ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കാൻ വിമുഖത കാണിക്കുന്നുവെന്ന് സെക്രട്ടറി മറുപടി നൽകി. 2024-25 വർഷം ഇത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയം ജില്ല സപ്ലൈ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ഇതിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതൂമാണ്.

## 1-20 കുടിശ്ശിക തുക-തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്

2023-24 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ രേഖപ്പെടുത്തൽ പ്രകാരം ചുവടെപ്പറയും പ്രകാരം ഇനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു.

| കോഡ് നമ്പർ | ശീർഷകത്തിന്റെ പേര് | തുക |
|---|---|---|
| 431400102 | Rent Receivables (Arrear) | 2280 |
| 431400106 | Rent Receivables Towards Market Receipts (Arrear) | 526200 |

2023-24 സാമ്പത്തിക വർഷം തുക ഈടാക്കാൻ സ്വീകരിച്ചനടപടികളുടെ വിവരം

ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (**07/11-11-2024**) പ്രസ്തുത തുകകൾ ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. ഇതിന്റെ തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 പാഥേയം ജനറൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 1,03,680/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഒരു നേരത്തെ ഭക്ഷണത്തിനുപോലും ഗതിയില്ലാത്ത ഗുണഭോക്താക്കൾക്ക് ഒരു നേരത്തെ ഭക്ഷണം (പൊതിച്ചോർ) നൽകുന്നതിനായി ജില്ല പഞ്ചായത്തുമായി ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന പ്രോജക്ടാണിത്. ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിന് ഒടുക്കി ജില്ല പഞ്ചായത്ത് വിഹിതം കൂടി ചേർന്നുള്ള തുക കുടുംബശ്രീ ജില്ല മിഷന് കൈമാറുകയും ടി തുക സി.ഡി.എസിന് കൈമാറുകയും ചെയ്യുന്നു. കുടുംബശ്രീയൂണിറ്റുകൾ മുഖേന ഗുണഭോക്താക്കൾക്ക് പൊതിച്ചോറ് നൽകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0096/24 |
| പ്രോജക്ടിന്റെ പേര് | പാഥേയം-ജനറൽ |
| അടങ്കൽ | 155520 (ജില്ല പഞ്ചായത്ത് വിഹിതം) |
| | 103680 (വികസന ഫണ്ട്- ജനറൽ) |
| | **ആകെ 259200** |
| ചെലവ് | 103680 |
| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ |
| ബിൽ നമ്പർ | 227/08-11-2023 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/12-11-2024) ജില്ലാ പഞ്ചാത്തിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കത്തയച്ചിട്ടുണ്ടെന്നും ആയത് അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകി. അപ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതുവരെ 1,03,680/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പാഥേയം-(എസ്.സി)- 63,360/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 97/24 | |
| പ്രോജക്ടിന്റെ പേര് | പാഥേയം- എസ്.സി.പി | |
| അടങ്കൽ | **ആകെ 158400** | |
| | 63360 (വികസന ഫണ്ട് എസ്.സി.പി) | 95040 (ജില്ല പഞ്ചായത്ത് വിഹിതം) |
| ചെലവ് | 63360 | |
| ഫണ്ടിനം | വികസന ഫണ്ട്- എസ്.സി.പി | |
| ബിൽ നമ്പർ | 228/08-11-2023 | |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി | |

ജില്ലാ പഞ്ചായത്തിന് കൈമാറിയ ടി ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/12-11-2024) വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്തിന് കത്തയച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 63,360/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ജനകീയ ഹോട്ടലിന് അടിസ്ഥാന സൗകര്യം-പ്രവൃത്തി പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 196/24 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജനകീയ ഹോട്ടലിന് അടിസ്ഥാന സൗകര്യം |
| അടങ്കൽ | 60000 |
| ചെലവ് | 11820 |
| ബിൽ നമ്പർ | 174/16-10-2023 |
| ഫണ്ടിനം | തനത് ഫണ്ട് |
| നിർവ്വഹണം | സെക്രട്ടറി |

ജനകീയ ഹോട്ടലിന് മഴവെള്ളത്തിൽ നിന്നും സംരക്ഷണം നടത്തുന്നതിന് ഷീറ്റ് സ്ഥാപിക്കൽ, തറ കോൺക്രീറ്റ്, പൈപ്പ് സ്ഥാപിക്കൽ, മലിനജല നിർഗമനത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായാണ് പ്രോജക്ട് ആവിഷ്കരിച്ചത് (ഫോറം 3 ലെ രേഖപ്പെടുത്തൽ പ്രകാരം). എന്നാൽ തറ കോൺക്രീറ്റിംഗിന് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചത്. തുടർ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ 2024-25 സാമ്പത്തിക വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടുമില്ല. പ്രോജക്ടിൽ തുക വകയിരുത്തിയ മറ്റ് പ്രവർത്തികൾ ചെയ്യാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/11-11-2024) തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്നും ബാക്കി പ്രവൃത്തികൾ 2024-25 വർഷം പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-24 അംഗണവാടി ഭൂമി വാങ്ങൽ-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 51/23-24 | |
| പ്രോജക്ടിന്റെ പേര് | അംഗണവാടി ഭൂമി വാങ്ങൽ | |
| അടങ്കൽ | 4,50,000 | |
| ചെലവ് | 2,50,000 | 389/29-02-2024 |
| | 1,50,000 | |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ | |
| | ബ്ലോക്ക് വിഹിതം | |
| നിർവ്വഹണം | സെക്രട്ടറി | |

വെട്ടൂർ ഗ്രാമപഞ്ചായത്തിലെ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 3 സെന്റ് ഭൂമി വാങ്ങുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ സ്ഥിതി ചെയ്യുന്ന വാർഡുകളിൽ അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു അങ്കണവാടിക്ക് ഭൂമി കണ്ടെത്തുന്നതിനാണ് പ്രോജക്ട് വഴി ലക്ഷ്യമിട്ടിരുന്നത്. ഇതിൻപ്രകാരം ശ്രീമതി ശിവസുധ, അരുണോദയം, മേൽ വെട്ടൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതിലുള്ള വെട്ടൂർ വില്ലേജിലെ 379-6റീസർവ്വേ നമ്പരായ (തണ്ടപ്പേർ നമ്പർ 18004) 2 ആർ 35 ചതുരശ്ര മീറ്റർ വസ്തുവിന്റെ വിലയായി മേൽ വിവരിക്കും പ്രകാരം തുക ചെലവഴിച്ചു. അതിൻപ്രകാരം 28/02/2024 ന് 572/24/1 നമ്പരായി ആധാരം സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റർ ചെയ്തു. പ്രസ്തുത ഭൂമിയുടെ ഭൂനികുതി ഗ്രാമപഞ്ചായത്തിന്റെ (സെക്രട്ടറിയുടെ) പേരിൽ ഒടുക്കിയ രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/15-11-2024) ഭൂനികുതി, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റ് മുൻപാകെ സമർപ്പിക്കുന്നതാണെന്നും ഗ്രാമപഞ്ചാത്തിന്റെ തീരുമാനം ലഭ്യമാക്കി വസ്തു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഭൂനികുതി ഒടുക്കിയ രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതും ഭൂമിയുടെ വിശദാംശം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-25 പകൽവീട് വാട്ടർ കണക്ഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-21,134/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 131/24 |
| പ്രോജക്ടിന്റെ പേര് | പകൽവീട് വാട്ടർ കണക്ഷൻ |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 21134 |
| ചെലവ് | 21134 |
| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ |
| ബിൽ നമ്പർ | 143/20-09-2023 |

വർക്കല ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പകൽവീട് കെട്ടിടത്തിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. മേൽ പരാമർശിക്കും പ്രകാരം വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും നിർവ്വഹണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചമച്ച കരാർ, പ്രവൃത്തി പൂർത്തിയായയത് സംബന്ധിച്ച വിശദാംശം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/12-11-2024) വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് 29/06/2024 ന് വാട്ടർ അതോറിറ്റിക്ക് കത്തയച്ചെങ്കിലും മറുപടി ലഭിച്ചില്ലെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ 21134 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 വെതർ സ്റ്റേഷൻ നിർമ്മാണം- തുടർ നപടി സ്വീകരിക്കേണ്ടതാണ്.

സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022 ലെ (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ) ഖണ്ഡിക 7.8.8 പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാദ്ധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയവയുടെ വിവരശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനം വേണ്ടി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്തിലും ഒരെണ്ണമെങ്കിലും സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലേക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണമെന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡറ്റ് എൻക്വയറിക്ക് (നമ്പർ 41/16-11-2024) വരും വർഷങ്ങളിൽ പ്രസ്തുത പ്രോജക്ട് ആവിഷ്കരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വെതർ സ്റ്റേഷൻ നിർമ്മിക്കാൻ വരും വർഷങ്ങളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

## 1-27 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം സമയബന്ധിതമായി ഒടുക്ക് വരുത്തിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കൽ |
| പ്രോജക്ട് നമ്പർ | 69/24 |
| അടങ്കൽ | 5,00,000 |
| ചെലവ് | 360338 |
| ബിൽ നമ്പർ | 398/06-03-2024 |
| ഫണ്ടിനം | സി.എഫ്.സി. ഗ്രാന്റ് |
| നിർവ്വഹണം | സെക്രട്ടറി |

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 2023-24 സാമ്പത്തിക വർഷം ലഭിച്ച ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | മുൻബാക്കി | മാസം | ഡിമാന്റ് തുക | ഫൈൻ |
|---|---|---|---|---|
| 76210 | 104678 | 07/2023 | 32758 | 1877 |
| 77072 | 41039 | 08/2023 | 32758 | 783 |
| 78016 | 41822 | 09/2023 | 32758 | 821 |
| 78907 | 42643 | 10/2023 | 32758 | 836 |
| 79819 | 43749 | 11/2023 | 32758 | 853 |
| 80797 | 44332 | 12/2023 | 32758 | 870 |
| 81701 | 77960 | 01/2024 | 32758 | 1542 |
| 82618 | 112260 | 02/2024 | 32758 | 2214 |
| 83484 | 147232 | 03/2024 | 32758 | 2900 |

KWA, KSEB എന്നിവയ്ക്ക് നല്കാനുള്ള തുക ഗ്രാമ പഞ്ചായത്തുകളുടെ തനത് വരുമാനം/ General Purpose Fund എന്നിവയിൽ നിന്നും നല്കേണ്ട ആദ്യ ഇനം ആക്കേണ്ടതാണെന്ന് സ.ഉ(എം.എസ്) 119/2022/LSGD തീയതി 06/06/2022 ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം അടവാക്കിയ തുകയ്ക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിട്ടില്ല. പിഴപ്പലിശ അടവാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/11-11-2024) ബേസിക് ഗ്രാന്റ് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചുവെന്നും തനത് ഫണ്ട് കുറവായ ഗ്രാമപഞ്ചായത്ത് ആയതിനാലാണ് ബിൽ തുക അടവാക്കാൻ കാലതാമസം വന്നതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. വരും വർഷങ്ങളിൽ വെള്ളക്കരം സമയബന്ധിതമായി ഒടുക്ക് വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ആധുനിക അറവ് ശാല നിർമ്മാണം- തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

17.09.2009-ലെ 1173/ഡി.ബി.2/09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രിയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 8) പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12-08-2009 ലെ WPC(no.) 13805 Of 2004, 37093 Of 2004, 7000 Of 2005 എന്നീ വിധിന്യായങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറവുശാലകൾ സ്ഥാപിക്കാൻ നടപടിയെടുക്കണം എന്ന് നിർദ്ദേശിച്ചിട്ടണ്ട്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാപഞ്ചായത്തിൽ അറവുശാല സ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/16-11-2024) തുടർ വർഷങ്ങളിൽ അറവുശാല നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന്റെയും ഹൈക്കോടതി വിധിയുടെയും അടിസ്ഥാനത്തിൽ അറവുശാലകളുടെ നിർമ്മാണത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ലൈസൻസില്ലാത്ത മത്സ്യതൊഴിലാളിക്ക് വല നൽകി - 45,000/- രൂപ തടസ്സപ്പെടത്തുന്നു

| | |
|---|---|
| പ്രോജക്ട് | 15 മീറ്റർ ഒ എ എൽ അധികരിക്കാത്ത എഫ് ആർ പി മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങൽ (24/24) |
| അടങ്കൽ | 360000 (വി.ഫ.പൊ.വി.- 270000, ഗുണ.വിഹിതം- 90000) |
| ചെലവ് | 360000/- |
| ബിൽ നമ്പർ | 232/08.11.23 – 225000/-, 311/21.12.23 - 45000/- |

15 മീറ്റർ ഒ എ എൽ അധികരിക്കാത്ത എഫ് ആർ പി മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങൽ എന്ന പദ്ധതി പ്രകാരം മത്സ്യ തൊഴിലാളികൾക്ക് പഴയ വല മാറ്റി പുതിയ വല ലഭ്യമാക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 45,000/- രൂപ സബ്സിഡിയും 15,000/- രൂപ ഗുണഭോക്തൃവിഹിതവുമായി ആകെ 60,000/- രൂപയായിരുന്നു യൂണിറ്റ് കോസ്റ്റ്.

പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രീ. നിസാം, പുല്ലുകഴി, മേൽവെട്ടൂർ വാർഡ് - 6 എന്ന വ്യക്തിക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 28.05.2022 ലെ സർക്കാർ ഉത്തരവ് (കൈ) നം. 115/2022 /ത.സ്വ.ഭ.വ. (സബ്സിഡി മാർഗ്ഗരേഖ) ഖ. 6.4.3 പ്രകാരം ഗുണഭോക്താവ് രജിസ്ട്രേഷനും ലൈസൻസുമുള്ള (റിയൽ ക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥൻ ആയിരിക്കണം. എന്നാൽ ടിയാളുടെ രജിസ്ട്രേഷനും ലൈസൻസും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം. 33/15.11.2024) നൽകിയതിനെതുടർന്ന് മറുപടിയോടൊപ്പം ടിയാളുടെ രജിസ്ട്രേഷന്റെ പകർപ്പ് ലഭ്യമാക്കി. എന്നാൽ ലൈസൻസിന്റെ

പകർപ്പ് ലഭ്യമാക്കിയില്ല. ശ്രീ. നിസാമിന്റെ ലൈസൻസ് ലഭ്യമാക്കുന്നതു വരെ ടിയാൾക്ക് അനുവദിച്ച സബ്സിഡി തുകയായ 45,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലൈസൻസ് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ ലാപ്ടോപ്പ് വാങ്ങി നൽകി. ചെലവുതുക – 1,39,015/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് (16/24) |
| അടങ്കൽ | 150000 (വി.ഫ.പൊ.വി.) |
| ചെലവ് | 139015/- |
| ബിൽ നമ്പർ | 140/12.09.2023 |

വെട്ടൂർ ഗ്രാമ പഞ്ചായത്ത് ഫിഷറീസ് ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പ്രോജക്ട് പ്രകാരം ചുവടെ പറയുന്ന നാല് വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയത്.

1. ആസിയ.എ്., പുന്നവിള, വെട്ടൂർ, വാർഡ് നമ്പർ -14
2. അഹമ്മദ് റംസീൻ.ആർ.,കുളങ്ങര ഹൗസ്, അരിവാളം, നെടുങ്ങണ്ട
3. മുഹമ്മദ് സുബ്ഹാൻ, കാട്ടിൽ വീട്, താഴെ വെട്ടൂർ
4. റംസാൻ. ആർ., ചാലക്കര വീട്, വെട്ടൂർ

പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ലാപ്ടോപ് വാങ്ങി നൽകുന്നതിനായി വിദ്യർത്ഥി ഒന്നിന് 34,753.75 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. 28.05.2022 ലെ സർക്കാർ ഉത്തരവ്(കൈ) നം.115/2022/ത.സ്വ.ഭ.വ. (സബ്സിഡി മാർഗ്ഗരേഖ) ഖ.2.16 പ്രകാരം 10,000/- രൂപയിൽ കൂടുതലുള്ള സബ്സിഡി/ധനസഹായം ലഭിക്കുന്നതിന് ഒരു വർഷക്കാലയളവിനുള്ളിൽ വില്ലേജ് ഓഫിസറിൽ നിന്നും വാങ്ങിയ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 28/16.11.2024) ലഭ്യമാക്കിയ മറുപടിയിൽ മത്സ്യതൊഴിലാളികൾ ആയതിനാലും റേഷൻ കാർഡിൽ വരുമാനം കുറവുള്ളവരുമായതിനാലാണ് ലാപ്ടോപ്പ് വാങ്ങി നൽകിയത് എന്നാണ് അറിയിച്ചത്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം പതിനായിരം രൂപ വരെയുള്ള ധനസഹായങ്ങൾക്ക് മാത്രമേ, റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വയം തയ്യാറാക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാനാവൂ. പതിനായിരം രൂപയ്ക്ക് മുകളിലുള്ള ധനസഹായത്തിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. ടി കാരണത്താൽ ചെലവുതുകയായ 1,39,015/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ആർദ്രം പദ്ധതി - കുടുംബാരോഗ്യകേന്ദ്രത്തിൽ സബ്സിഡി മാർഗരേഖയിൽ നിന്നും വിരുദ്ധമായി അധിക തസ്തികയിൽ നിയമനം നടത്തി ശമ്പളം നൽകി.

| | |
|---|---|
| പദ്ധതിയുടെ പേര് | ആർദ്രം-വേതനം നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | 114/24 |
| അടങ്കൽ | 1506000/- വികസന ഫണ്ട് ജനറൽ |
| ചെലവ് | 1100070/- വികസന ഫണ്ട് ജനറൽ |
| ബിൽ നമ്പർ | 11/22.05.23 82501/-<br>26/07.06.23 91043/-<br>66/07.07.23 121700/-<br>67/07.07.23 61000/-<br>91/01.08.23 122807/-<br>137/08.09.23 125500/- |

| | |
|---|---|
| | 235/09.11.23 125500/-<br>237/09.11.23 125500/-<br>288/08.12.23 94566/-<br>326/08.01.24 93903/-<br>331/10.01.24 56050/- |

വെട്ടൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ഹോസ്പിറ്റൽ അറ്റൻഡർ എന്നീ ജീവനക്കാരെ നിയമിച്ച് 2023 ഡിസംബർ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്.

1) പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ, തീയതി 28/5/2022) ഖണ്ഡിക 7.6.1, 7.6.2 എന്നിവ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ലഭ്യമാക്കുന്നതിലേക്കായി ഒരോ ഡോക്ടറേയും, പാരാമെഡിക്കൽ സ്റ്റാഫിനേയും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതും അവർക്ക് വേതനം നൽകുന്നതിൽ തടസ്സം ഉണ്ടാകാതിരിക്കാൻ വികസന ഫണ്ടോ തനത് ഫണ്ടോ ഉപയോഗിക്കാവുന്നതുമാണ്. മേൽ ജീവനക്കാരുടെ നിയമനം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉള്ള സമിതി ഇന്റർവ്യൂ നടത്തി നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടിക്രമം പാലിക്കാൻ സാധിക്കാത്തപക്ഷം നിയമനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ബന്ധപ്പെട്ട രേഖകളുൾപ്പെടെ ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്ത് സാധൂകരണം വാങ്ങേണ്ടതാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ വെട്ടൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ മേൽപദ്ധതി പ്രകാരം സർക്കാർ അനുവാദം നൽകാത്ത ഹോസ്പിറ്റൽ അറ്റൻഡർ എന്ന തസ്തികയിൽ നടപടിക്രമം പാലിക്കാതെ പഞ്ചായത്ത് നിയമനം നടത്തി വികസനഫണ്ടിൽ നിന്നും ഏപ്രിൽ മുതൽ ഡിസംബർ മാസം വരെ വേതനം നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 32/15.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ, തീയതി 28/5/2022) ഖണ്ഡിക 7.6.2 പ്രകാരം ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിക്കാവുന്നതാണ്. എന്നാൽ വെട്ടൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നീ രണ്ടു തസ്തികകളിൽ നിയമനം നടത്തി ഏപ്രിൽ മുതൽ ഡിസംബർ മാസം വരെ വികസനഫണ്ടിൽ നിന്നും വേതനം നൽകിയതായി കാണുന്നു. ഇപ്രകാരം രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ചതിന് കോഡിനേഷൻ കമ്മിറ്റിയുടെയോ ഡിപിസി യുടെയോ അനുവാദം വാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണെന്ന ഓഡിറ്റ് അന്വേഷണത്തിന് (നം. 32/15.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പതിനാലാം പദ്ധതി സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ച മാർഗ്ഗ രേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ, തീയതി 28/5/2022) ഖണ്ഡിക 8.6 പ്രകാരം സർക്കാർ അനുമതി കൂടാതെ ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.
സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഇത്തരം നിയമനങ്ങൾ ഒഴിവാക്കേണ്ടതും മേൽ നിയമനങ്ങൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-32 പാലിയേറ്റീവ് കെയർ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല - 5951/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് പരിചരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | 111/24 |
| അടങ്കൽ | 1400000/-<br>(1200000 - പൊ. വി. സാധാ. വിഹിതം<br>200000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1207711/-<br>(1007711 - പൊ. വി. സാധാ. വിഹിതം<br>200000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| ബിൽ നമ്പർ | 89/01.08.2023 650000/- |

വെട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ കിടപ്പ് രോഗികൾക്കും മാറാവ്യാധി ഉള്ളവർക്കും ഭവന സന്ദർശനം നടത്തി വേണ്ട സാന്ത്വന പരിചരണം നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. പാലിയേറ്റീവ് രോഗികൾക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി In House Drug Bank ന് ഇൻവോയിസ് നം. 11171@N/2023/7 Dtd 18.07.2023 പ്രകാരമുള്ള തുകയായ 6,50,000/- രൂപ 01.08.2023 ൽ IHDB യുടെ 30569922130 നമ്പർ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക |
|---|---|
| C8527/23-24, 14.10.23 | 31184 |
| C8529/23-24, 14.10.23 | 36620.50 |
| C8533/23-24, 14.10.23 | 82588 |
| C8539/23-24, 14.10.23 | 82256 |
| C8549/23-24, 14.10.23 | 173188 |
| C8544/23-24, 14.10.23 | 6729 |
| C13184/23-24, 11.01.24 | 107289 |
| C14365/23-24, 06.02.24 | 23022.50 |
| C527/24-25, 30.04.24 | 578.50 |
| C720/24-25, 06.05.24 | 100593.50 |
| ആകെ | 644049 |
| ബാലൻസ് | 5951/- *(650000-644049)* |

ശേഷിക്കുന്ന 5951/- രൂപയുടെ (650000-644049) മരുന്നുകൾ ലഭ്യമായതിന്റെ ക്രഡിറ്റ് ഇൻവോയിസ്, സ്റ്റോക്ക് രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 38/16.11.24) 5951/- രൂപയുടെ മരുന്ന് In House Drug Bank ൽ നിന്നും ഉടൻതന്നെ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുള്ളതായും അവ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി ക്രെഡിറ്റ് ബിൽ സഹിതം പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാകുന്നത് വരെ ലഭ്യമാകാനുള്ള മരുന്നിന്റെ ചെലവായ 5951/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-33 വെട്ടൂർ എഫ്.എച്ച്.സിയിലെ കണ്ടിജന്റ് ചെലവുകൾ - ചെലവു രേഖകളുടെ അഭാവത്തിൽ 36,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പദ്ധതിയുടെ പേര് | വെട്ടൂർ എഫ്.എച്ച്.സി കണ്ടിജന്റ് ചെലവുകൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നമ്പർ | 92/24 |
| അടങ്കൽ | 300000/-<br>(51000 - പൊ. വി. സാധാ. വിഹിതം<br>138226 – മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 138226/- – റോഡിതരം |
| ബിൽ നമ്പർ | 27/07.06.2023 5800/-<br>68/07.07.2023 5472/-<br>99/08.08.2023 2700/-<br>115/22.08.2023 19697/-<br>133/05.09.2023 19000/-<br>132/05.09.2023 17000/-<br>139/08.09.2023 3000/-<br>269/27.11.2023 38361/-<br>293/14.12.2023 27196/- |

വെട്ടൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ മാസംതോറുമുള്ള ഭരണനിർവ്വഹണ ചെലവുകൾ വഹിക്കുന്നതിനായാണ് പദ്ധതി. പ്രസ്തുത പദ്ധതിയിലായി സുലേഖ ചെലവ് പത്രിക പ്രകാരം 1,38,226/- രൂപയുടെ ചെലവുണ്ട്. എന്നാൽ 1,02,226/- രൂപയുടെ ബില്ലും അനുബന്ധരേഖകളും മാത്രമേ

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. ബാക്കി തുകയായ 36,000/- രൂപയുടെ TR 59(E) ബില്ല്, ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 43/16.11.2024) പ്രസ്തുത തുകയുടെ ബില്ലും അനുബന്ധ രേഖകളും ഓഫീസിൽ തിരയുകയാണെന്നും ആയവ കിട്ടുന്നത് അനുസരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ചെലവ് രേഖകളുടെ അഭാവത്തിൽ 36,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം - ചെലവ് തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം

| | |
|---|---|
| പദ്ധതിയുടെ പേര് | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ | 30/24 |
| അടങ്കൽ | 400000/-<br>(200000/- വികസനഫണ്ട് ജനറൽ<br>200000/- ഗുണ. വിഹിതം) |
| ചെലവ് | 326680/-<br>(127000/- വികസനഫണ്ട് ജനറൽ<br>199680/- ഗുണ. വിഹിതം) |

ക്ഷീരസംഘത്തിൽ പ്രതിമാസം 100 കിലോ തീറ്റയുടെ വിലയുടെ 50 ശതമാനം സ്ഥാപനത്തിൽ അടച്ച് തീറ്റ കൈപ്പറ്റുന്നു. 5 മാസത്തേക്ക് ഇപ്രകാരം തുടരുന്നു. പ്രതിമാസം സബ്സിഡി തീറ്റ കൈപ്പറ്റുന്നതിന് വെറ്റനറി സർജനിൽ നിന്നും പെർമിറ്റ് വാങ്ങി സംഘത്തിൽ ഹാജരാക്കി സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തുകയും ഇതിനായി ഒരു പെർമിറ്റ് കാർഡും പദ്ധതി പ്രകാരം നൽകുന്നു. പ്രസ്തുത പദ്ധതിയുടെ ചെലവ് സുലേഖ പത്രികയിൽ രേഖപ്പടുത്തിയതിലെ അപാകത ചുവടെ ചേർക്കുന്നു.

കേരള ഫീഡ്സിൽ നിന്നുള്ള ഇൻവോയ്സ് പ്രകാരം ആകെ 254 ചാക്ക് കാലിത്തീറ്റ ചാക്ക് ഒന്നിന്(50 Kg) 1540 രൂപ നിരക്കിൽ ആകെ 391160/- രൂപയ്ക്ക് ടി പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ആകെ 326680/- (127000/- - വികസനഫണ്ട് ജനറൽ, 199680/- - ഗുണഭോക്തൃ വിഹിതം) രൂപയുടെ ചെലവ് മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. പ്രസ്തുത വ്യത്യാസത്തിന് കാരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 54) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-35 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 37/24 |
| പ്രോജക്ടിന്റെ പേര് | സ്നേഹസ്പർശം |
| അടങ്കൽ തുക | 769500/- |
| ചെലവ് തുക | 769500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ചെയ്യുന്ന പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഫാരിസ്, ഫസ്ന എന്നിവർ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ആനുകൂല്യത്തിന് അർഹരായവരുടെ ഗുണഭോക്തൃലിസ്റ്റിലുള്ളവരാണ്. എന്നാൽ ഇവർക്ക് മാനസികവെല്ലുവിളിനേരിടുന്നവർക്കുള്ള ആനുകൂല്യം ആണ് നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 34/16.11.2024 ന് ഇവർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിൽ പെടുന്നവരാണെന്നും, മുൻവർഷങ്ങളിൽ ഇവർ മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്തൃ ലിസ്റ്റിലാണ് ഉൾപ്പട്ടിരുന്നത് എന്നും, ഇവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഉൾപ്പടെ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിന് പുറത്തുള്ള അർഹരായവർക്ക് ആനുകൂല്യങ്ങൾ നൽകുമ്പോൾ ഇവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി അടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ആയതിനാൽ നടപടി ക്രമങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

## 1-36 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ- 1, 2) നിർവ്വഹണ ഉദ്യോഗസ്ഥരായ ലൈഫ് ഭവന പദ്ധതിയിൽ കരാർ വ്യവസ്ഥയനുസരിച്ച് 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവ് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| അജയൻ, ഒലിപ്പുവിള, വലയന്റകുഴി, വെന്നിക്കോട് | 30.09.2021 | 340000/- |
| ദിലീപ്കുമാർ, ചരുവിളപുത്തൻവീട്, വലയന്റകുഴി | 30.09.2021 | 280000/- |
| പ്രേമദാസ്, വയലിൽവീട്, അരിവാളം | 28.12.2021 | 180000/- |
| ഷീബ, പണയിൽവീട്, വലയന്റകുഴി | 21.01.2022 | 160000/- |
| ഉണ്ണി, കുട്ടത്തിവിളാകം, വിളഭാഗം | 06.02.2022 | 380000/- |
| മണികണ്ഠൻ റ്റി.ആർ, പ്രദീപ് നിലയം, പ്ലാവിഴികം | 20.10.2022 | 40000/- |
| രേഷ്മ ആർ.ആർ, പഴവിളവീട്, വലയന്റകുഴി | 20.10.2022 | 373045/- |
| നിസാമുദീൻ, വയലിൽവീട്, തെങ്ങറ | 20.10.2022 | 374376/- |
| സുകുമാരി.എ.എ നിവാസ്, കല്ലുമലകുന്ന് | 20.10.2022 | 360000/- |
| ഷിബു.കളരിയിൽവീട്, റാത്തിക്കര | 20.10.2022 | 40000/- |
| ഗീത വി, വാഴക്കൂട്ടം, നെടുങ്ങണ്ട | 28.03.2023 | 360000/- |
| സാജിത. തണ്ടാകുടിവീട്, വെട്ടൂർ | 28.03.2023 | 360000/- |
| സഫി, ചിതലൻവിളവീട്, വിളഭാഗം | 01.08.2023 | 40000/- |
| വിജയശ്രീ, അജിനിവാസ്, കൂട്ടിൽ | 28.03.2023 | 180000/- |
| ബിന്ദു, കാട്ടുവിളവീട്, വെട്ടൂർ | 20.06.2023 | 40000/- |
| സിന്ധു, പുന്നവിളവീട്, മേൽവെട്ടൂർ | 20.06.2023 | 40000/- |
| അശ്വതി, മുനിക്കുന്ന് ലക്ഷംവീട്, വെന്നിക്കോട് | 12.07.2023 | 40000/- |
| അഷറഫ്, വയലിൽവീട്, ചിറ്റിലക്കോട് | 01.12.2021 | 360000/- |
| സുൾഫിക്കർ, പടിഞ്ഞാറ്റുവിളവീട്, വെട്ടൂർ | 15.03.2023 | 40000/- |
| ഷാമിന, പുന്നവിളവീട്, മേൽവെട്ടൂർ | 28.03.2023 | 240000/- |

ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടി വിവരം സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം 44/18.11.2024 ന് കരാർവച്ച് ഗഡുക്കൾ കൈപ്പറ്റിയ ശേഷം നാളിതുവരെ പണിപൂർത്തിയാക്കാത്തവർക്ക് നോട്ടീസ് നൽകുകയും നേരിൽ കണ്ട് പണിപൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് ഭരണസമിതിയുമായി ബന്ധപ്പെട്ട് പണികൾ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുകകൾ കൈപ്പറ്റിയ ശേഷം നാളിതുവരെ പണികൾ തുടങ്ങാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്ക് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-37 പഞ്ചായത്തിലെ മാലിന്യ സംസ്ക്കരണം/ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ - സംബന്ധിച്ച അവലോകനം

1) 2016 -ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തിമാക്കുന്നതിനായി, 20.05.2023 ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നടപടികൾ വെട്ടൂർ ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**A)** ശുചിത്വ മിഷൻ കലണ്ടർ പ്രകാരം 2023-24 വർഷം 100 % വാതിൽപ്പടി ശേഖരണം നടത്തിയിട്ടുണ്ട്.

**B)** മാലിന്യങ്ങൾ/പാഴ്വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കുന്നതിനായി ബാസ്ക്കറ്റുകളോ,

ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകിയിട്ടില്ല.സ്ഥാപനങ്ങൾക്ക് അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിന് ബിന്നുകൾ വിതരണം ചെയ്യുന്നതിനായി 2024-25 ൽ പദ്ധതി തയ്യാറാക്കി നിർവ്വഹണഘട്ടത്തിലാണ്.

**C)** മാലിന്യങ്ങൾ/പാഴ്‌വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കുന്നതിന് 2024-25 വർഷം ഘടകസ്ഥാപനം ഉൾപ്പടെയുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് മാലിന്യശേഖരണത്തിന് ബിൻ എന്ന പദ്ധതിക്ക് അംഗീകാരം നേടിയിട്ടുള്ളതും ടെണ്ടർനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

**D)** ആപത്ക്കരമായ മാലിന്യം, ബയോമെഡിക്കൽ മാലിന്യം എന്നിവ 16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD ഉത്തരവ് പ്രകാരം ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും ഉൽപാദകരെ തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹോസ്പിറ്റലിൽ നിന്നുള്ള മാലിന്യം ഇമേജ് എന്ന സ്ഥാപനം വഴി നീക്കം ചെയ്യുന്നു.

**E)** നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്ക്കരിക്കുന്നതിനായി പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട്, എ.എം.ടി.ടി.ഐ മേൽവെട്ടൂർ എന്നിവിടങ്ങളിലായി രണ്ട് ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

**F)** ഗ്രാമസഭകൾ മുഖേനയും സ്കൂൾ തലത്തിൽ അസംബ്ലികൾ മുഖേനയും, എം.ജി.എൻ.ആർ.ഇ.ജി.എ പ്രവർത്തികളുടെ മീറ്റിംഗിലും മാലിന്യസംസ്കരണത്തെ സംബന്ധിച്ച് ബോധവൽകരണം നടത്തിയിട്ടുണ്ട്.

**G)** മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ (04.08.2023 ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1/5826040/23 -ാം നമ്പർ സർക്കുലർ പ്രകാരം) കുടുംബാരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ കൺവീനറായും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ശുചിത്വ മിഷൻ ആർ.പി എന്നിവർ അംഗങ്ങളായും 12.09.2024 ന് പ്രത്യേക ടീം രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

**H)** 2023-24 വർഷം വിജിലൻസ് സ്ക്വാഡ് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി യിട്ടുള്ളതും ഒറ്റതവണ ഉപയോഗത്തിനായുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗ് വിൽപന,ഉപയോഗം,വിൽപന വിതരണം എന്നിവ നടത്തുന്നവർക്കെതിരെ താക്കീത് നൽകുകയും ചെയ്തു. 2024-25 ൽ പുത്തൻചന്തയിൽ പ്രവർത്തിക്കുന്നനിരഞ്ജന ബേക്കറിയിൽ നിന്നും ദുർഗന്ധം വമിക്കുന്ന തരത്തിലുള്ള ജൈവ-അജൈവ മാലിന്യങ്ങൾ ടിയാളുടെ തന്നെ പുരയിടത്തിൽ നിക്ഷേപിക്കാൻ കൊണ്ടുവന്നത് പ്രദേശവാസികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സാന്നിധ്യത്തിൽ ആയത് തടയുകയും 10000/-രൂപ ടിയാൾക്ക് പിഴ ചുമത്തുകയും ആയത് പോലീസിൽ ഒടുക്കുവരുത്തിയിട്ടുള്ളതുമാണ്.

**I)** Mini MCF സ്ഥാപിച്ച വാർഡുകളുടെ എണ്ണം -14

Ii) ഗ്രാമപഞ്ചായത്തിൽ MCF സ്ഥാപിച്ച സ്ഥലം - വിളബ്ഭാഗം,വെട്ടൂർ

Iii) അടിസ്ഥാന സൗകര്യങ്ങൾ

| ടോയ്‌ലറ്റ് | കുടിവെള്ളം | ഇലക്ട്രിസിറ്റി | വിശ്രമമുറി | അഗ്നിസുരക്ഷ ക്രമീകരണം |
|---|---|---|---|---|
| ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

Iv) ബ്ലോക്ക് തലത്തിൽ RRF സ്ഥാപിച്ചിട്ടില്ല.

V) MCF കളിൽ Bailing Machine, സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽറ്റ് എന്നിവ സ്ഥലപരിമിതി മൂലം സ്ഥാപിച്ചിട്ടില്ല.

Vi) MCF കളിൽ, ടിപ്പിംഗ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷീണറി ഏരിയ, സ്റ്റോറേജ് ഏരിയ എന്നിവ വേർതിരിച്ചിട്ടില്ല. 2023-24 വാർഷിക പദ്ധതിയിൽ പുതിയ എം.സി.എഫ് കെട്ടിടം എല്ലാ സംവിധാനങ്ങളോടെയും നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്.അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പദ്ധതിയുടെ മുന്നൊരുക്കങ്ങൾ നടന്നുവരുന്നു

2) 26.04.2023 ലെ G.O. (Rt) No. 922/2023/LSGD പ്രകാരം പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും അജൈവം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കംചെയ്തു.

3) മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് 2023-24 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട {സ.ഉ(സാധാ.)നം.989/2023/തസ്വഭവ തീ.06.05.2023, സ.ഉ(സാധാ.)നം.1401/2023/തസ്വഭവ തീ.10.07.2023} പ്രകാരമുള്ള പ്രോജക്ടുകളുടെ വിവരം.

| വാർഷിക പദ്ധതിയിലെ | ആകെ അടങ്കൽ | ആകെ നടപ്പാക്കിയ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|

| ആകെ പ്രോജക്ടുകൾ | | പ്രോജക്ടുകൾ | | |
|---|---|---|---|---|
| 22 | 6145471 | 08 | 1187246 | 19.3 |

4) 07.10.2023 ലെ സ.ഉ. (സാധാ) നം. 1971/2023/LSGD മാലിന്യമുക്ത കേരളം ക്യാമ്പയിൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി (2023-24 വർഷം) നടപ്പാക്കിയവ.

**A)** ഹരിതകർമ്മസേനാംഗങ്ങളുടെ ശരാശരി വേതനം 7300/- രൂപയാണ്.യൂസർ ഫീ കുറഞ്ഞ വാർഡുകളിൽ പ്രസിഡന്റ് ഉൾപ്പടെയുള്ള ജനപ്രതിനിധികളും, ജീവനക്കാരും, ഹരിതകർമ്മസേന പ്രവർത്തകരും കൺസോർഷ്യം ഭാരവാഹികൾ, ശുചിത്വമിഷൻ പ്രവർത്തകർ എന്നിവർ ഭവനസന്ദർശനം നടത്തി ബോധവൽക്കരണം നടത്തിയിട്ടുണ്ട്. 2024 ഒക്ടോബറിൽ രണ്ട് വാർഡുകൾ 100 ശതമാനം യൂസർ ഫീ കളക്ഷൻ നേടി. ആശ്രയ, അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ യൂസർ ഫീ സർക്കാർ ഉത്തരവിന് വിധേയമായി പദ്ധതി തയ്യാറാക്കി തുക കൺസോർഷ്യം അക്കൌണ്ടിലേയ്ക്ക് നൽകി വരുന്നു.

**B)** പാഴ്വസ്തു ശേഖരണത്തിൽ ശുചിത്വമിഷൻ കലണ്ടർ പ്രകാരം ഇ-വേസ്റ്റ്, കുപ്പി എന്നിവയുടെ ശേഖരണം നടക്കുന്നുണ്ട്.

**C)** ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാറിൽ എർപ്പെട്ടിട്ടില്ല.

**D)** പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ, ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്തുന്നതിന് രേഖാമൂലം അറിയിപ്പ് നൽകാറുണ്ട്.ഓഡിറ്റോറിയങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾക്ക് അനുസ്യതമായി യൂസർ ഫീസ് ശേഖരിക്കുന്നുണ്ട്.

**E)** പൊതു ജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 2022-23 മൂന്നും 2023-24 ഒന്നും തുമ്പൂർമുഴികൾ സ്ഥാപിച്ചു.

**F)** 2023-24 വർഷത്തെ പ്രവർത്തന കലണ്ടർ ഹരിതകർമ്മസേന വഴി എല്ലാ വീടുകളിലും എത്തിച്ച

**G)** പാതയോരങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 20 എണ്ണം സ്ഥാപിക്കുന്നതിന്റെ ഭാഗമായി 10 എണ്ണം ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

5) 31.03.2023 ലെ സ.ഉ. (സാധാ) നം. 789/2023/LSGD നമ്പർ ഉത്തരവ് പ്രകാരം, ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നൽകുന്നതിൽ കുടിശ്ശിക വരുത്തിയവരിൽ നിന്നും ടി തുക വസ്തു നികുതി കുടിശ്ശികയായി ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

6) പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് (സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023) പദ്ധതി തയ്യാറാക്കിയെങ്കിലും തുക ലഭ്യമല്ലാത്തതിനാൽ പ്രോജക്ട് നടപ്പിലായില്ല.

7) യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയുടെ സഹായത്തോടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ ഭാഗമായി പൊതുവഴികളെല്ലാം ശുചീകരിച്ചിട്ടുണ്ട്.

8) ഗ്രാമപഞ്ചായത്തിൽ ബൾക്ക് വേസ്റ്റ് ജനറേറ്റ് ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം – 4

9) ഹരിത മിത്രം പദ്ധതി പ്രകാരമുള്ള ഡേറ്റാ കളക്ഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിലെ ആകെ | | ഹരിതമിത്രം നടപ്പാക്കിയ | | വാതിൽപ്പടി സേവനം നടപ്പാക്കിയ | | യൂസർ ഫീ കളക്ഷൻ ആരംഭിച്ച | |
|---|---|---|---|---|---|---|---|
| ഭവനം | സ്ഥാപനം | ഭവനം | സ്ഥാപനം | ഭവനം | സ്ഥാപനം | ഭവനം | സ്ഥാപനം |
| 4640 | 482 | 4640 | 482 | 4640 | 480 | 3294 | 298 |

10) QR കോഡ് വിതരണം നടത്തിയ എല്ലാ ഭവനങ്ങളിൽ/സ്ഥാപനങ്ങളിൽ നിന്നും മെറ്റീരിയൽ കളക്ഷൻ ആരംഭിച്ചിട്ടുണ്ട്.

11) സ.ഉ.(സാധാ) നം.2481/2023/LSGD തീ.13.12.2023 പ്രകാരം പൂട്ടിയിട്ട ഭവനങ്ങളുടെ യൂസർ ഫീ ഇളവ് നൽകിയിട്ടുള്ള വീടുകൾ-790

12) സ.ഉ.(സാധാ) നം.2231/2023/LSGD തീ.12.11.2023 പ്രകാരം മോണിറ്ററിംഗ് റിപ്പോർട്ട്, വാർഡ് മെമ്പർമാർക്ക് റിപ്പോർട്ട് എന്നിവ തയ്യാറാക്കി ജനപ്രതിനിധികൾ കൂടി ഉൾപ്പെട്ട അവലോകനയോഗങ്ങളിൽ വിഷയം അവതരിപ്പിക്കുന്നുണ്ട്.

13) ഹരിത കർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഒരാൾക്ക് പരിശീലനം നൽകി. പതിമൂന്നാം വാർഡിലെ ഹരിതകർമ്മാസേനാംഗം ശ്രീമതി റഷീദ യാണ് ഹരിത

കർമ്മസേനയുടെ നിലവിലുള്ള വാഹനത്തിന്റെ ഡ്രൈവർ.

14) ഖരമാലിന്യ സംസ്ക്കരണം/ഹരിത കർമ്മ സേന എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 14 |
| 2 | ആകെ ജനസംഖ്യ | 18704 |
| 3 | വാസഗൃഹങ്ങളുടെ എണ്ണം | 5430 |
| 4 | സ്ഥാപനങ്ങളുടെ എണ്ണം (വ്യവസായ/വാണിജ്യ വിദ്യാഭ്യാസ ആതുരാലയ സ്ഥാപങ്ങൾ) | 480 |
| 5 | പൊതു ചന്തകളുടെ എണ്ണം | 2 |
| 6 | ഓഡിറ്റോറിയങ്ങളുടെ എണ്ണം | 3 |
| 7 | ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | 28 |
| 8 | പാഴ്വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം | ഗ്രീൻടെക്നോളജി സിസ്റ്റം |
| 9 | ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 17834.17 Kg |
| 10 | കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/ പാഴ്വസ്തുക്കളുടെ അളവ് | 10204.34 Kg |
| 11 | തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 7630 |
| 12 | ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 2188505 |
| 13 | ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | --- |
| 14 | മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 28289 |
| 15 | ഗ്യാപ് ഫണ്ടിനത്തിൽ ചെലവിട്ട തുക | -- |
| 16 | ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക | 50000/- |
| 17 | സഹായ സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ---- |
| 18 | സഹായ സ്ഥാപനത്തിന് നൽകിയ കൺസൽട്ടിംഗ് തുക | ---- |
| 19 | ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനം ഓഡിറ്റ് വർഷം ചെലവിട്ട തുക | 92350 |
| 20 | തദ്ദേശ സ്വയം സ്ഥാപനത്തിൽ ഉള്ള Mini MCF, MCF, RRF എന്നിവയുടെ എണ്ണം | Mini Mcf-28<br>Mcf- 1<br>RRF - ഇല്ല |
| 21 | MCF ന്റെ ആകെ വിസ്തീർണം | 1200 Sq.ft |

## 1-38 മരാമത്ത് പ്രവൃത്തികൾ- മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല.

2023-24 ൽ അസി.എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പണി തൃപ്തികരമായി പൂർത്തിയാക്കിയിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്ന മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം. 36/16.11.2024 ) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഉൾപ്പെടുത്താൻ കഴിഞ്ഞില്ലെന്ന മറുപടിയാണ് അസി.എൻജിനീയർ ലഭ്യമാക്കിയത്.

വരും വർഷങ്ങളിൽ മോണിട്ടറിംഗ് സമിതി വിലയിരുത്തൽ നടത്തി റിപ്പോർട്ട് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഇപ്രകാരമുള്ള ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ഫിഷർമെൻ കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - നിഷ്ക്രിയ ആസ്തിയായി തുടരുന്നു

| | |
|---|---|
| പ്രോജക്ട് | ഫിഷർമെൻ കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം (SO 157/24) |
| അടങ്കൽ | 180216/- (ധന.അവാർഡ് ) (2023-24) |
| ചെലവ് | 35,071/- (2023-24) |
| ബിൽ നമ്പർ | 96/03.08.23 |
| കരാറുകാരൻ | ശ്രീ.ശരത്.ബി.എസ്. |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഫിഷർമെൻ കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം എന്ന പദ്ധതിക്കായി 2022-23, 2023-24 എന്നീ വർഷങ്ങളിലായി ആകെ 3,88,954/- രൂപ ചെലവഴിച്ചിട്ടുണ്ട്. പമ്പ് ഹൗസ്, ടാങ്ക്, പ്ലംബിംഗ് പ്രവൃത്തികൾ, കിണർ നവീകരണം തുടങ്ങിയ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഇനമായ മോട്ടോർ സ്ഥാപിക്കാതെയാണ് ഫൈനൽ ബിൽ നൽകിയത്. ആയതിനാൽ പ്രസ്തുത പ്രോജക്ട് കൊണ്ട് കോളനി നിവാസികൾക്ക് യാതൊരു പ്രയോജനവുമുണ്ടായില്ല.

വെട്ടൂർ ഗ്രാമ പഞ്ചായത്തിലെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് ടീം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിദ്ധ്യത്തിൽ 19.11.2024 ൽ നടത്തിയ സ്ഥലപരിശോധനയിൽ നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞതിനാൽ പ്ലംബിംഗ് പ്രവൃത്തികൾക്ക് കേടുപാടുകൾ വന്നിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ഇനം E 9 പ്രകാരം പൂർത്തീകരിച്ച Supplying And Fixing Name Board 75 X 60 Cm Engraving Letters Etc Complete As Per Direction Of Engineer In Charge Rs. 3145.16 - (MB 646/21-22 Page No. 38-39, 70) – എന്ന ഇനം സ്ഥല പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല.





ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം. 50/19.11.2024) ലഭ്യമാക്കിയ മറുപടിയിൽ പുതുതായി സ്ഥാപിച്ച വാട്ടർടാങ്കിന് സമീപത്തായി നെയിം ബോർഡ് സ്ഥാപിച്ചിരുന്നെന്നും പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം നെയിം ബോർഡ് നശിപ്പിക്കപ്പെട്ടതിനാലാണ് ആയത് ടി സ്ഥലത്ത് പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തത് എന്ന് അറിയിച്ചു. എന്നാൽ നെയിം ബോർഡ് നശിപ്പിക്കപ്പെട്ടത് സംബന്ധിച്ച് എവിടെയും പരാതി നൽകിയതായോ, റിപ്പോർട്ട് ചെയ്തതായോ കാണുന്നില്ല.

നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഗുണഭോക്താക്കൾക്ക് യാതൊരു പ്രയോജനവുമില്ലാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നതിന്റെ കാരണം സംബന്ധിച്ചു ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 51/19.11.24) ലഭ്യമാക്കിയ മറുപടിയിൽ, 2024-25ൽ ഫിഷർമാൻ കുടിവെള്ള പദ്ധതി കിണറും ടാങ്കും വൃത്തിയാക്കലും അറ്റകുറ്റപ്പണിയും (പ്രോ.നം.127/25) എന്ന പ്രോജക്ടിന് ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റായി 300000 രൂപ വകയിരുത്തിയിട്ടുണ്ട് എന്നും പ്ലംബിംഗ് ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി പദ്ധതി ഗുണഭോക്താക്കൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ നടപ്പിലാക്കുന്നതാണ് എന്നും പ്രസ്തുത സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ

ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു.

കുടിവെള്ളം ലഭ്യമാക്കുന്നതിനായി അടിയന്തിരമായി മോട്ടോർ സ്ഥാപിച്ച് പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ച് കുടിവെള്ള പദ്ധതി ഫിഷർമെൻ കോളനി നിവാസികൾക്ക് പ്രയോജനപ്രദമാം വിധം പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണ പ്രവൃത്തി നടത്തിയ ഭൂമിയും മറ്റ് അനുബന്ധ ആസ്തികളും ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണ്ടതുമാണ്.

## 1-40 ഉദ്ഘാടനം ചെയ്ത് 5 വർഷം കഴിഞ്ഞിട്ടും പകൽവീട് പ്രവർത്തനക്ഷമമാക്കിയില്ല

2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് ടീം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിദ്ധ്യത്തിൽ 19.11.2024 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ വെട്ടൂർ ഗ്രാമപഞ്ചായത്തിലെ പകൽവീട് നിലവിൽ പ്രവർത്തനക്ഷമമല്ല എന്ന് കണ്ടു. പകൽ വീട് കെട്ടിടത്തിന്റെ ഗേറ്റ് ഒരു വശം ഇളകിക്കിടക്കുന്നു. പകൽവീടിന്റെ പരിസരം പരിപാലനമില്ലാതെ ചവറുകൾ മൂടിക്കിടക്കുന്നു.





ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 52/19.11.2024) ലഭ്യമാക്കിയ മറുപടിയിൽ 2023-24 വർഷത്തിൽ പകൽവീട് പ്രവർത്തനസജ്ജമാക്കുന്നതിലേയ്ക്കായി പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല എന്നും 2024-25 വാർഷിക പദ്ധതി ഭേദഗതിയിൽ ഫണ്ട് വകയിരുത്തി പകൽവീട് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. എന്നാൽ 2023-24 ൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം പകൽ വീടിന് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി 21,134/- രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയെങ്കിലും പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. പകൽവീട് വൈദ്യുതീകരണത്തിനായി 7218/- രൂപയും 2023-24 ൽ ചെലവഴിച്ചിട്ടുണ്ട്.

01.03.2019 ലാണ് പകൽവീട് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടനം ചെയ്ത് അഞ്ച് വർഷം കഴിഞ്ഞിട്ടും വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി പകൽവീട് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് പഞ്ചായത്തിന്റെ ഭരണപരമായ വീഴ്ചയായി കാണുന്നു. സംസ്ഥാന ഓഡിറ്റു വകുപ്പിന്റെ മുൻ റിപ്പോർട്ടിലും (കെ.എസ്.എ.റ്റി.വി.എം/ജിപി/1160/23 തീയതി 26/09/2023) ഇക്കാര്യം പ്രതിപാദിച്ചിരുന്നു. വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ ലഭിക്കുന്നതിന് മുൻപ് തന്നെ 2022-23 വർഷം പകൽവീട് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 1,15,330/-രൂപ ചെലവാക്കി വിവിധ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. പ്രവർത്തനം ആരംഭിക്കാതെ അടച്ചിട്ടിരിക്കുന്ന പകൽവീട്ടിലെ ടി ഫർണിച്ചറുകൾ നശിച്ച് പോകാൻ സാധ്യതയുണ്ട്. ആയതിനാൽ പകൽവീട് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-41 ദുരിതാശ്വാസനിധി- വരവുചെലവുകളില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി

എന്നറിയപ്പെടുന്നതുമാണ്.

മേൽ ചട്ടങ്ങളിലെ ചട്ടം 4 (3) പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസാഹയത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി പ്രസിഡന്റും ഗ്രാമപഞ്ചായത്ത് അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയും അടങ്ങുന്ന ഒരു പഞ്ചായത്ത് സബ്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റിയുടെ ചെയർമാൻ പ്രസിഡന്റും കൺവീനർ സെക്രട്ടറിയുമാണ്. ചട്ടം 5 പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിച്ച് പോരേണ്ടതാണ് .

വെട്ടൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച രേഖകൾ , 2023-24 ൽ ദുരിതാശ്വാസ നിധി പ്രകാരമുള്ള വരവ്, ചെലവ് സംബന്ധിച്ച രേഖകൾ, ബാങ്ക് പാസ്സ് ബുക്ക്/ സ്റ്റേറ്റ്മെന്റ് മിനിട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 06/11.11.2024 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വെട്ടൂർ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയ്ക്കായി വെട്ടൂർ സർവ്വീസ് സഹകരണ ബാങ്കിൽ അക്കൌണ്ട് നമ്പർ 5356 പ്രകാരം അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെന്നും പലിശയിനത്തിൽ മാത്രമാണ് വരവു വന്നിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ 31.03.24 ൽ 5376 രൂപയുടെ മിച്ചമുണ്ട്. ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയ്ക്കായി ഒരു പഞ്ചായത്ത് സബ്കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ മിനിട്സ് ബുക്ക് , വരവു ചെലവു കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിന് ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും, കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും ഗ്രാമ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതും ദുരിതമനുഭവിക്കുന്ന അർഹതപ്പെട്ട വ്യക്തികൾക്ക് മേൽ ചട്ടപ്രകാരം അടിയന്തിര ധനസഹായം അനുവദിക്കാവുന്നതുമാണ്. ദുരിതാശ്വാസ നിധിയ്ക്കായി സബ് കമ്മിറ്റി രൂപീകരിക്കേണ്ടതും മിനിട്സ് ബുക്ക് , ക്യാഷ് ബുക്ക് എന്നിവ പരിപാലിക്കേണ്ടതുമാണ്.

## 1-42 ജനറൽ കമ്മിറ്റി തീരുമാനങ്ങൾ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

വെട്ടൂർ ഗ്രാമ പഞ്ചായത്തിലെ 2023-24 ലെ വിവിധ ജനറൽ കമ്മിറ്റി തീരുമാനങ്ങളും അതിൻമേൽ സ്വീകരിച്ച തുടർ നടപടികളും സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 25/13.11.2024) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങളും ഓഡിറ്റ് നിർദ്ദേശങ്ങളുംചുവടെ ചേർക്കുന്നു.

| ക്രമ നം. | തീരുമാനം നമ്പർ, തീയതി | കമ്മിറ്റി തീരുമാനം | നിലവിലെ സ്ഥിതി | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|
| 1 | 17.04.23 - 28(1) | പഞ്ചായത്ത് ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിന് അയന്തി ഗുരുമന്ദിരത്തിന് സമീപമുള്ള പുറമ്പോക്ക് 2 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. | നടപടി സ്വീകരിച്ചു വരുന്നു. | നടപടിവിവരങ്ങൾ അറിയിക്കേണ്ടതാണ്. |
| 2 | 24.06.23 - 8(1) | പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണം എന്ന പ്രവൃത്തി ചെയ്യുന്നതിന്റെ ഭാഗമായ ബലക്ഷയം സംഭവിച്ചിട്ടുള്ള സെർവർ റൂം പൊളിച്ചു നീക്കിയതിന്റെ Rubble, Brick, Scrap Steel എന്നിവയുടെ | ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല | തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. |

| | | | | | | |
|---|---|---|---|---|---|---|
| | | | സർവേ നടത്തി 5725/- രൂപയുടെ മൂല്യ നിർണ്ണയം അസിസ്റ്റന്റ് എൻജിനീയർ സമർപ്പിച്ചിട്ടുള്ളത് കമ്മിറ്റി പരിശോധിച്ചു. ടി സർവേ റിപ്പോർട്ട് അംഗീകരിച്ചും, ലേല നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. | | | |
| | 3 | 24.06.23 23(1) - | പഞ്ചായത്ത് ഓഫീസ് നവീകരണത്തിന്റെ ഭാഗമായി വന്നിട്ടുള്ള പാഴ്‌വസ്തുക്കൾ പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ അവിടവിടെയായി കൂട്ടിയിട്ടിരിക്കുന്നത് മാലിന്യ പ്രശ്നം ഉണ്ടാക്കുന്നത് കമ്മിറ്റി പരിശോധിച്ചു.ടി പാഴ് വസ്തുക്കൾ 02/07/2023 രാവിലെ 11 മണിക്ക് പഞ്ചായത്തോഫീസിൽ വെച്ച് ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. | മറുപടി ലഭ്യമാക്കിയില്ല | ഇതു സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് | |
| | 4 | 22.07.23 | വെട്ടൂർ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലെ 10-ാം നം അങ്കണ വാടിയിൽ ഉപയോഗ ശൂന്യമായ പാഴ്‌വസ്തുക്കൾ സൂക്ഷിച്ചിരിക്കുന്നതിനാൽ സ്ഥല സൌകര്യം കുറവായി അനുഭവപ്പെടുന്നതായും ആയതിനാൽ ടി വസ്തുക്കൾ പാഴ് വസ്തു വ്യാപാരികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് അങ്കണവാടി പ്രവർത്തക നൽകിയ അപേക്ഷ കമ്മിറ്റി പരിശോധിച്ചു. ടി പാഴ്‌വസ്തുക്കളുടെ വാല്യൂഷൻ തയ്യാറാക്കി | മറുപടി ലഭ്യമാക്കിയില്ല | തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. | |

| | | | | | |
|---|---|---|---|---|---|
| | | | നൽകുന്നതിന് അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തിയും, വാല്യേൂഷന്റെ അടിസ്ഥാനത്തിൽ ലേലം നടത്തുന്നതിനും കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. | | |
| 5 | 15.12.23 21(1) | - | 06/11/2023 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 19(1) തീരുമാന പ്രകാരം എം.എച്ച്. ഹൌസ്-ഊറ്റുകുഴി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് എൽ. എസ്. ജി. ഡി. അസിസ്റ്റൻറ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ആയത് പ്രകാരം എൽ. എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയർ സമർപ്പിച്ച റിപ്പോർട്ടിൽ വെട്ടൂർ ഗ്രാമ പഞ്ചായത്തിൽ റീസർവ്വേ നം.336 ൽ ഉൾപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥർ റോഡിന് വേണ്ടി സ്ഥലം വിട്ട് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലേക്ക് അളന്ന് തിരിച്ചു മുതൽക്കൂട്ടിയും വ്യക്തികളിൽ നിന്ന് ആയത് കുറവ് ചെയ്ത് രേഖകളിൽ തിരുത്തൽ വരുത്തുന്നതിന് അപേക്ഷയും കമ്മിറ്റി തീരുമാനം സഹിതം റവന്യൂ വകുപ്പിന് നൽകാവുന്നതാണ് എന്നും കുറവ് ചെയ്ത വിവരം അറിയിക്കുന്ന മുറയ്ക്ക് ടി റോഡ് ആസ്തിയിൽ ഉൾപ്പെടുത്താവുന്നതാണ് എന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ട് . ആയത് കമ്മിറ്റിയുടെ പരിശോധിക്കുകയും, പ്രസതുത റോഡ് ആസ്തിയിൽ | നടപടികൾ സ്വീകരിച്ചു വരുന്നു | തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | | ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | | |
| 6 | 26.02.24 -6(1) | വെട്ടൂർ ഗ്രാമപഞ്ചായത്തിൽ ജില്ലാ ശുചിത്വ മിഷൻറെ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ പൊതുശുചിമുറി നിർമ്മിക്കുന്നതിനായി കണ്ടെത്തി നടപടി സ്വീകരിച്ചിരുന്നു, എങ്കിലും ടി ഭൂമിയുമായി ബന്ധപ്പെട്ട് വർക്കല മുൻസിഫ് കോടതി മുമ്പാകെ OS.No. 347/22 നമ്പർ കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി മാറ്റിയിട്ട ശേഷം വെട്ടൂർ ഗ്രാമപഞ്ചായത്തിലെ നിലവിലെ കെട്ടിടം നിലനിൽക്കുന്ന കോമ്പൌണ്ടിന്റെ അതിർത്തിയോട് ചേർന്ന് 3 സെന്റ് ഭൂമി അനുവദിച്ചു നൽകുന്നതിന് വർക്കല തഹസീൽദാർ ശുപാർശ ചെയ്തിട്ടുണ്ട്. 16/02/2024-ലെ ബഹു. ജില്ലാ കളക്ടറുടെ ബി8/298487/20 നമ്പർ ഉത്തരവ് പ്രകാരം വർക്കല താലൂക്ക് വെട്ടൂർ വില്ലേജ് ബ്ലോക്ക് 6 റീസർവ്വേ നം. 161/15-ല് ഉൾപ്പെട്ട 20.27 ആർ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ നിന്നും 01.21 ആർ ഭൂമിടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുശുചിമുറി നിർമ്മിക്കുന്നതിനായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ചുവടെച്ചേർക്കുന്ന നിബന്ധനകളോടെ ബഹു. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ | വില്ലേജ് ഓഫീസിൽ നിന്നും സ്ഥലം സംബന്ധിച്ച് സ്കെച്ച് ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കാൻ AE, LID&EW യെ ചുമതലപ്പെടുത്തി | തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് |

| | | | | |
|---|---|---|---|---|
| | | വകുപ്പിന് ഉപയോഗാനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പഞ്ചായത്ത് യോഗം ചർച്ച ചെയ്യുകയും ടേക്ക് എ ബ്രേക്കിന് ലഭ്യമായ സ്ഥലം അളന്നു തിട്ടപ്പെടുത്തി നൽകുന്നതിന് വില്ലേജ് ഓഫീസർക്ക് അറിയിപ്പ് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | | |
| 7 | 26.02.24 -20(1) | റാത്തിക്കൽ 12-ാം വാർഡിൽ അരിവാളം ദേശത്ത് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പള്ളി വിളാകം -കാക്കക്കുഴി മൺറോഡ് എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നതിന് ഫണ്ട് അനുവദിക്കുകയും കരാർ നടപടികൾ പൂർത്തിയായി പ്രവൃത്തി ആരംഭിക്കാനിരിക്കെ ടി റോഡിന് തെക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന പുരയിടത്തിന്റെ ഉടമകളായ പത്മകുമാരി മുതൽപേർ ചേർന്ന് വർക്കല മുൻസിഫ് കോടതിയിൽ O S 237/23 നമ്പർ ആയി കേസ് ഫയൽ ചെയ്യുകയും കോടതി 16/6/2023 തീയതിയിൽ ഇൻജക്ഷൻ ഓർഡർ പുറപ്പെടുവിപ്പിക്കുകയും ചെയ്തു. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ടിയാളുകളുടെ വസ്തു കൈയേറി നിർമ്മാണ സാമഗ്രികൾ സ്ഥാപിക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു എന്ന് കാണിച്ച് വാർഡു മെമ്പർമാരായ താഹ, വിജയകുമാർ, കരാറുകാരൻ | മറുപടി ലഭ്യമാക്കിയില്ല | തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. |

| | | | | | | |
|---|---|---|---|---|---|---|
| | | | എന്നിവരെ പ്രധാന പ്രതികളാക്കിയാണ് കേസ് ഫയൽ ചെയ്തിട്ടുള്ളത്. ഇൻജക്ഷൻ നിലനിൽക്കുന്നതു വരെ പ്രതിഭാഗത്തുള്ളവരെ വാദികളുടെ പുരയിടത്തിൽ കയറുന്നതിനും നിലവിലുള്ള മൺറോഡ് മോട്ടോർ വാഹന സൌകര്യമുള്ള വഴിയാക്കി മാറ്റുന്നതും എല്ലാം തടഞ്ഞിട്ടുണ്ട്. ടി ഇൻജക്ഷൻ ഒഴിവാക്കുന്നതിന് പഞ്ചായത്ത് കക്ഷി ചേരണമെന്ന് ആവശ്യപ്പെട്ട് താഹ മെമ്പർ അപേക്ഷ നൽകിയിട്ടുണ്ട്. ആയത് യോഗം ചർച്ച ചെയ്യുകയും പ്രസ്തുത കേസിൽ പഞ്ചായത്ത് കക്ഷി ചേരുന്നതിനും കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും പഞ്ചായത്ത് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | | | |
| | 8 | 22.03.24 -10(1) | വെട്ടൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കടൽത്തീരത്തും, ബീച്ച് പ്രദേശങ്ങളിലും കടലിൽ കുളിക്കുന്നതിനും വിനോദ സഞ്ചാരത്തിനും വരുന്നവർക്കായി- 'കടലിന് ആഴമുള്ള പ്രദേശം' 'കുളിക്കാൻ ഇറങ്ങുന്നതിന് വിലക്ക്' 'കടലിൽ ഇറങ്ങുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുള്ള ബോർഡ് ' തുടങ്ങിയുള്ള അപായ സൂചന ബോർഡുകൾ വിവിധ ഭാഷകളിൽ ഇടവിട്ട് സ്ഥാപിക്കണമെന്ന് എന്നുള്ള വർക്കല, സ്റ്റേഷൻ ഹൌസ് ഓഫീസർ സമർപ്പിച്ച കത്ത് കമ്മിറ്റി പരിശോധിക്കുകയും, ടി | ബോർഡുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ഫണ്ട് അപര്യാപ്തമായതിനാൽ സ്ഥാപിച്ചിട്ടില്ല. 2024-25 വാർഷിക പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി | തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്. | |

| | | | | |
|---|---|---|---|---|
| | | ബോർഡ് സ്ഥാപിക്കുന്നതിന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു വേണ്ടി LID &EW Section, എഞ്ചിനീയറെ ചുമതലപ്പെടുത്തിയും, എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു | | |

മേൽപ്പറഞ്ഞ കമ്മിറ്റി തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

**സുലേഖ ചെലവ് പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 0 | 200000 | പാലിയേറ്റീവ് പരിചരണം, 111/24 | 200000 | 0 |
| | | 0 | 1200000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം-ജനറൽ, 144/24 | 1200000 | 0 |
| | | 0 | 330000 | ലൈഫ് 2020-ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം, 1/24 | 330000 | 0 |
| | | 0 | 160000 | ലൈഫ്2020-ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-പട്ടികജാതി, 2/24 | 160000 | 0 |
| | | 0 | 280000 | ലൈഫ് രണ്ടാം ഘട്ടം-ഭൂമിയുള്ള | 280000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഭവനരഹിതർക്ക് ഭവനനിർമ്മാണം-പട്ടികജാതി, 23/24 | | |
| | | 0 | 900000 | ലൈഫ് 2020-ഭവനനിർമ്മാണം-പട്ടിക ജാതി, 148/24 | 900000 | 0 |
| | | 0 | 500000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം-പട്ടികജാതി, 142/24 | 500000 | 0 |
| | | 0 | 460000 | ലൈഫ് 2020-ഭവനനിർമ്മാണം-ഫിഷറീസ്, 143/24 | 460000 | 0 |
| | | 0 | 40000 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, 54/24 | 40000 | 0 |
| | | 0 | 100000 | അങ്കണവാടി പോഷകാഹാര വിതരണം, 34/24 | 100000 | 0 |
| | | 0 | 192375 | സ്നേഹസ്പർശം, 37/24 | 192375 | 0 |
| | | 0 | 150000 | അംഗണവാടി ഭൂമി വാങ്ങൽ, 51/24 | 150000 | 0 |
| | | 0 | 300000 | ലൈഫ് രണ്ടാം ഘട്ടം-ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം-ജനറൽ, 19/24 | 300000 | 0 |
| | | 0 | 200000 | ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി, 13/24 | 200000 | 0 |
| | | 1098470 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 1098470 |
| **ആകെ** | | **1098470** | **5012375** | | **5012375** | **1098470** |
| ജില്ലാ പഞ്ചായത്ത് | 2023-24 | 0 | 192375 | സ്നേഹസ്പർശം, 37/24 | 192375 | 0 |
| | | 46138 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 46138 |
| **ആകെ** | | **46138** | **192375** | | **192375** | **46138** |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2022-23 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2023-24 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1098470 | 5012375 | 6110845 | 5012375 | 1098470 | 1098470 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 46138 | 192375 | 238513 | 192375 | 46138 | 46138 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം,

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രോജക്ട് നം., പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ആകെ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | ബാക്കി തുക |
|---|---|---|---|---|---|---|
| | | 2023-24 | | | | |
| കേരള വാട്ടർ അതോറിറ്റി | 377588 | പകൽ വീട്-വാട്ടർ കണക്ഷൻ, 131/24 | 21134 | 398722 | 175510 | 223212 |
| കെ.എസ്.ഇ.ബി | 20723 | പോസ്റ്റ് ഷിഫ്റ്റിംഗ്, 206/24 | 36248 | 80621 | 0 | 80621 |
| | | പോസ്റ്റ് ഷിഫ്റ്റിംഗ്-രണ്ടാം ഘട്ടം, 212/24 | 23650 | | | |
| കേരള ഭൂഗർഭ ജലവകുപ്പ് | 185000 | വെട്ടൂർ എഫ്എച്ച്സിയിൽ കുഴൽക്കിണർ നിർമ്മാണം, 185/24 | 223617 | 743453 | 70575 | 672878 |
| | | പാലവിള-കുഴൽക്കിണർ നിർമ്മാണം, 83/24 | 334836 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| HUDCO | സ.ഉ.(കൈ) 68/2018/ തസ്വഭവ, തീ.18.05.2018 | 19978911 | 13171584 | 33150495 | 2202747 | 30947748 |

## 4-5 സ്ഥിര നിക്ഷേപം

| FD നമ്പർ | തുക | പലിശ നിരക്ക് (%)P.a. | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി | ബാങ്ക് |
|---|---|---|---|---|---|
| 048010 | 11010741.0 | 6.15 | 27.03.2024 | 27.09.2024 | കാനറാ ബാങ്ക്, വർക്കല ശാഖ |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-1-1 | 2008-09 | 3-5-1എ | SGRY കൺവീനറെ തെരഞ്ഞെടുത്തതിലെ ക്രമക്കേട് | ബഹു. കേരള ഹൈക്കോടതിയിലെ കേസ് വിധി |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രകാരം SGRY കൺവീനർക്ക് തുക ഒടുക്കു വരുത്തുന്നതിന് കത്ത് നൽകി. |
| 2005-06 | 3-11<br>3-12 | 2008-09 | 3-5-1എ) | SGRYക്രമക്കേട് | |

തുടർ വിവരം അറിയിക്കേണ്ടതാണ്.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 15474817 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46791243 |
| ആകെ | 62266060 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41528939 |
| നീക്കിയിരിപ്പ് | 20737121 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 414140 |

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 103680 | ശ്രീ.സുനിൽകുമാർ.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 63360 | ശ്രീ.സുനിൽകുമാർ.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 21134 | ശ്രീ.വിനോദ്.ബി., സെക്രട്ടറി |
| 1-29 | 45000 | ശ്രീമതി ഷൈലാ ബീവി, ഫിഷറീസ് ഓഫീസർ |
| 1-30 | 139015 | ശ്രീമതി ഷൈലാ ബീവി, ഫിഷറീസ് ഓഫീസർ |
| 1-32 | 5951 | ഡോ.ഷാജഹാൻ റാബുമോൾ, മെഡിക്കൽ ഓഫീസർ |
| 1-33 | 36000 | ഡോ.ഷാഹിറ, മെഡിക്കൽ ഓഫീസർ |
| **ആകെ** | **414140** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.വിനോദ്.ബി., സെക്രട്ടറി | സെക്രട്ടറി, വെട്ടൂർ ഗ്രാമ പഞ്ചായത്ത് | രജകീയനിലയം, ആനയറ .പി.ഒ., തിരുവനന്തപുരം |
| ശ്രീമതി ഷൈലാബീവി.എ, ഫിഷറീസ് ഓഫീസർ | ഫിഷറീസ് ഓഫീസർ, വെട്ടൂർ ഗ്രാമ പഞ്ചായത്ത് | മംഗലത്തുവിള വീട്, പാലച്ചിറ പി. ഒ. |
| ശ്രീ.സുനിൽകുമാർ.എസ്. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, വെട്ടൂർ ഗ്രാമ പഞ്ചായത്ത് | ചെറുകര വീട്, നാവായിക്കുളം പി.ഒ. |
| ഡോ.ഷാജഹാൻ റാബുമോൾ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, വെട്ടൂർ എഫ്.എച്ച്.സി. | അസ്ലം, വടശ്ശേരിക്കോണം, വർക്കല |
| ഡോ.ഷാഹിറ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, വെട്ടൂർ എഫ്.എച്ച്.സി. | സാറാവില്ല, കവലയൂർ, മണനാക്ക് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/176/2022 തീയതി 14.10.2022 | 2 |
| 2006-07 | | 4 |
| 2007-08 | | 2 |
| 2008-09 | | 2 |
| 2011-12 | | 3 |
| 2012-13 | | 4 |
| 2013-14 | | 2 |
| 2014-15 | | 3 |
| 2015-16 | | 2 |
| 2016-17 | | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/444/2019 തീയതി 26.04.2019 | 13 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/196/2020 തീയതി 29.09.2021 | 25 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/1294/2021 തീയതി 28.09.2022 | 40 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/986/2022 തീയതി 03.10.2022 | 25 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.08/406/2023 തീയതി 25.03.2023 | 16 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജിപി /1160/2023 തീയതി 26.09.23 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number II dated 2/1 dated 25-05-2024 and submitted on 27-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Vettoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vettoor Grama Panchayat as on 31-03-2024

**Date: 03/12/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Vettoor Grama Panchayat for the Year 2023-2024.

### 1.Major Observations

Nil

### 2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit :
(a) ratios.
(b) notes on account.

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.

3. Cash flow statement-Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4. Demand entries in respect of tax revenue are not made periodically on accrual basis.

5. The valuation of stocks and stores has not been verified and recorded at the end of the financial year and in the B-14 Schedule of Balance Sheet, under the head Stock in hand (inventories).

6. Non disclosue of expenses due- Expenses due such as honorarium for members, fuel expenses etc due in the current fincancial year are not included in balance sheet as provision of expenses due (B-9).
7. Misclassification of receipt voucher : Receipts of Rs 5571 collected as Permit fee wrongly entered in RP-4 Other Fees.
8. The unpaid water tax of 2,900/- as per the demand notice from Kerala Water Authority must be recorded as a liability in 2023-24 fiscal year, as it is due for settlement by 31-03-2024.
9. In the Bank Reconciliation Statement as of 31.03.2024, clarification is requested on whether steps have been taken to adjust amounts categorized under Direct Credits by Bank. Details are as follows:

| **Bank Name** | **Account Number** | **Amount** |
|---|---|---|
| Kerala Grameen Bank | 40700101638480 | 36834 |
| Kerala Grameen Bank-Vaaathilppadi sevanam | 40700101067163 | 409 |

10. Non-settlement of Liabilities in Respective Heads:

The following liabilities recorded under the "B-9 Schedule" for 2022-23 were not adjusted or settled in the respective heads in 2023-24, as per the financial statements:

| **Sl. No.** | **Code** | **Item** | **Amount as per 2023-24 Financial Statement** |
|---|---|---|---|
| 1 | 350200119 | Recoveries Payable - Covid | 90,400 |
| 2 | 350400501 | Refunds Payable Grants and Funds | 40,000 |
| 3 | 350300103 | Government and Other Dues Payable - VAT | 7,853 |

11. Unadjusted Deposits in B-7 Schedule.
The following deposits from 2022-23 remain unadjusted in 2023-24:

| **Head Code** | **Item** | **Amount** |
|---|---|---|
| 340100202 | Suppliers Security Deposit | 23,947 |
| 340100303 | Election Deposit | 72,500 |
| 340200103 | Water Connection Deposit | 48,078 |

- Deposits unclaimed or unsettled for over three years should be treated as lapsed deposits and transferred to the Panchayat Fund as capital receipts as per Kerala Financial Code guidelines.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്